# തിരുഹൃദയ മാസിക

(Sacred Heart Monthly)

**Vol. 83**

**2018 October**

*83*

Years of Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Mathew Kuriathara**
S.H.Monthly
Catholic Mission Press Building
K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

- സർക്കുലറുകൾ
- കൂരിയ വാർത്തകൾ
- അജപാലന കേന്ദ്ര പ്രോഗ്രാമുകൾ
  ചൈതന്യ
  ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം
  ബറുമറിയം പാസ്റ്ററൽ സെന്റർ
  തൂവാനിസ പ്രോഗ്രാം
- അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
  ബൈബിൾ കമ്മീഷൻ
  വിശ്വാസപരിശീല കമ്മീഷൻ
  വിദ്യാഭ്യാസ കമ്മീഷൻ
  കരിസ്മാറ്റിക് കമ്മീഷൻ
  ഫാമിലി കമ്മീഷൻ
  ലിറ്റർജി കമ്മീഷൻ
- പയസ് അസോസിയേഷൻസ്
  ചെറുപുഷ്പ മിഷൻലീഗ്
  കെ.സി.വൈ.എൽ.
- സോഷ്യൽ ആക്ഷൻ കമ്മീഷൻ
  കെ.എസ്.എസ്.എസ്.
  മാസ്സ്
  ജി.ഡി.എസ്.
- അഭി. പിതാക്കന്മാരുടെ ഡയറി
  Engagements
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- പൗരോഹിത്യ ആദ്ധ്യാത്മികത:
  സുവിശേഷ വിചിന്തനങ്ങൾ
- പൊതുവാർത്തകൾ

**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)

500 രൂപ (വിദേശം)

Circular No. 228
**Thuvanisa**
**Bible Convention 2018**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 04-09-2018

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമേ,

നമ്മുടെ നാടിനെ നടുക്കിയ പ്രളയ ദുരിതത്തെ ദൈവകൃപയാലും നമ്മുടെ കൂട്ടായ പരിശ്രമത്തിലൂടെയും നാം അതിജീവിച്ച് മുന്നേറുകയാണല്ലോ. ദൈവഹിതത്തിന് മുമ്പിൽ ശിരസ്സ് നമിക്കുവാനും ദൈവം നൽകുന്ന കൃപയാൽ കൂടുതൽ നന്മയുടെ ഫലം പുറപ്പെടുവിക്കുവാനും ഇനിയും നമുക്ക് സാധിക്കട്ടെ. പ്രഭാഷകന്റെ പുസ്തകത്തിൽ നാം ഇപ്രകാരം കാണുന്നു: " നിങ്ങൾ ഇങ്ങനെ പറയണം; എല്ലാം കർത്താവിന്റെ പ്രവൃത്തിയാണ്. അവയെല്ലാം അത്യുത്തമമാണ്. അവിടുന്ന് കല്പിക്കുന്നതൊക്കെയും അവിടുത്തെ നാമത്തിൽ നിർവ്വഹിക്കപ്പെടും. ഇതെന്ത് ? എന്തുകൊണ്ട് ? എന്നിങ്ങനെ ആർക്കും ചോദിക്കുവാൻ സാധിക്കുകയില്ല. യഥാകാലം എല്ലാം വെളിവാകും" (പ്രഭാ 39:16-17). ഈ തിരുവചനത്തിന്റെ ദിവ്യപ്രകാശത്തിൽ അവിടുത്തെ പദ്ധതിയുടെ പൂർത്തീകരണത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

ദൈവിക രഹസ്യങ്ങൾ നമുക്ക് വെളിവാകുന്നതും തെറ്റുകൂടാതെ കാലത്തിന്റെ അടയാളങ്ങൾ വ്യാഖ്യാനിക്കുവാൻ നാം പ്രാപ്തരാകുന്നതും വിശുദ്ധ ലിഖിതങ്ങളും ദൈവശക്തിയും അറിയുമ്പോഴാണ്. "വിശുദ്ധ ലിഖിതങ്ങളും, ദൈവത്തിന്റെ ശക്തിയും അറിയാത്തതുകൊണ്ടല്ലേ നിങ്ങൾക്ക് തെറ്റ് പറ്റുന്നത്"(മർക്കോ 12: 24) എന്ന ചോദ്യം ഇന്നും പ്രസക്തമാണ്. പ്രാർത്ഥനയിലൂടെയും തിരുവചന ശുശ്രൂഷയിലൂടെയും കൂദാശകളിലൂടെയും ദൈവത്തോടും ദൈവഹിതത്തോടും ചേർന്ന് വളരുവാൻ സഭ നമ്മെ എന്നും ക്ഷണിക്കുന്നുണ്ട്. നമ്മുടെ അതിരൂപതയുടെ പ്രാർത്ഥനാ ഭവനമായ തൂവാ

നിസാ പ്രാർത്ഥനാലയം കഴിഞ്ഞ മൂന്നര പതിറ്റാണ്ടുകളായി നമ്മുടെ അതിരൂപതയുടെയും തിരുസഭയുടെയും ആത്മീയ ഉണർവ്വിനായി മലമുകളിൽ പണിതുയർത്തിയ പട്ടണം പോലെ പ്രശോഭിക്കുന്നു. എല്ലാ വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്ന ജാഗരണ പ്രാർത്ഥനയും ബുധനാഴ്ചകളിലെ മദ്ധ്യസ്ഥ പ്രാർത്ഥനയും അതിരൂപതാ സ്ഥാപന ദിനത്തോടനുബന്ധിച്ച് എല്ലാ വർഷവും നടത്തുന്ന 101 മണിക്കൂർ ആരാധനയും അഖണ്ഡ ജപമാലയും നമ്മുടെ ജനത്തിന്റെ ആത്മീയ ശക്തിയാണ്. നമ്മുടെ വിവിധ ഇടവകകളിൽ നിന്ന് ഈ ശുശ്രൂഷക ളിൽ ബഹു. വികാരിമാരുടെ നേതൃത്വത്തിൽ ദൈവജനം താല്പര്യ പൂർവ്വം പങ്കുചേരുന്നതിൽ അതിയായ സന്തോഷമുണ്ട്.

കഴിഞ്ഞ 18 വർഷങ്ങളായി സെപ്റ്റംബർ മാസത്തിൽ തൂവാനി സായിൽ വച്ച് നാല് ദിവസത്തെ അതിരൂപതാതല ബൈബിൾ കൺവൻഷൻ നടത്തപ്പെടുന്ന വിവരം എല്ലാവർക്കും അറിവുള്ള താണല്ലോ. അനേകർ ഒന്നുചേർന്ന് വചനം കേൾക്കുകയും പ്രാർത്ഥി ക്കുകയും ചെയ്യുന്ന ദിനങ്ങൾ, അതിരൂപത മുഴുവൻ ആത്മീയ നന്മ കൾ സ്വന്തമാക്കുന്ന കൃപയുടെ ദിനങ്ങളാണ്. നമ്മുടെ ദേശത്തെ മുഴുവൻ ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കേണ്ട കാലഘട്ട ത്തിലൂടെ നാം കടന്നുപോകുമ്പോൾ തൂവാനിസാ കൺവൻഷൻ അതിന് ഒരു വേദിയാകട്ടെ. വിദൂരങ്ങളിലുള്ളവർക്ക് ഓൺലൈൻ വഴി കൺവൻഷൻ ശുശ്രൂഷകളിൽ പങ്കുചേരുന്നതിന് ക്നാനായ വോയ്സ് സൗകര്യമൊരുക്കുന്നുണ്ട്.

വചന ശ്രവണത്തോടും പ്രാർത്ഥനയോടുമൊപ്പം സഹോദര സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വേദിയായി തൂവാനിസാ കൺവൻഷൻ മാറുന്നുവെന്നുള്ളത് നമുക്ക് അഭിമാനകരമാണ്. മുൻകൂട്ടി പണപ്പിരിവ് നടത്താതെ സ്തോത്രക്കാഴ്ചയിലൂടെ മാത്രം ചിലവിനുള്ള തുക സമാഹരിച്ചതും കഴിഞ്ഞ വർഷം മലബാർ കുടി യേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി 5 ലക്ഷം രൂപ മുടക്കി 2 വീടുകൾ നിർമ്മിച്ചു നൽകിയതും കൺവൻഷൻ വഴിയുള്ള ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രകടനമാണ്.

ആനുകാലിക പ്രളയബാധിത സാഹചര്യത്തിൽ ദുരിത ബാധിതർക്ക് ഭവനനിർമ്മാണ സഹായം നൽകാനുള്ള ലക്ഷ്യത്തോടെ തികച്ചും ലളിതമായി, പരമാവധി ചിലവ് ചുരുക്കിയാണ് കൺവൻഷൻ ക്രമീകരിക്കുന്നത്. ഈ വർഷം സെപ്റ്റംബർ 20,21,22,23 തീയതികളിലാണ് കൺവൻഷൻ നടത്തപ്പെടുന്നത്. ഓരോ ഇടവകയിൽ നിന്നും പ്രത്യേകം വാഹനസൗകര്യം ഏർപ്പെടുത്തി ബഹു. വികാരിമാരുടെയും സിസ്റ്റേഴ്സിന്റെയും പാരിഷ് കൗൺസിൽ അംഗങ്ങളുടെയും നേതൃത്വത്തിൽ ഇടവകയുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ദൈവാനുഗ്രഹത്തിന്റെ ഈ ദിനങ്ങളിൽ വ്യക്തിപരമായും കുടുംബപരമായും അനുഗ്രഹപൂരിതമാക്കുന്ന ദൈവകൃപയിൽ നമുക്കേവർക്കും പങ്കുചേരാം.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2018 സെപ്റ്റംബർ 16-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

Ref: 635/KCBC/K-6/KPR/DS 24-9-2018

## കെ.സി.ബി.സി. വാർത്താക്കുറിപ്പ്

ജലന്ധർ രൂപതാ ബിഷപ് ഡോ. ഫ്രാങ്കോ മുളക്കലിനെതിരെ, ആ രൂപതയിൽ പ്രവർത്തിക്കുന്ന മിഷണറീസ് ഓഫ് ജീസസ് എന്ന സന്ന്യാസസഭയിലെ അംഗമായ ഒരു സന്ന്യാസിനി കുറവിലങ്ങാട്ടു പോലീസ് സ്റ്റേഷനിൽ നല്കിയ ലൈംഗിക പീഡന പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും കോടതി അദ്ദേഹത്തെ പോലീസ് കസ്റ്റഡിയിൽ വിടുകയും ചെയ്ത സംഭവം കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം വേദനാജനകമാണ്. ഇത്തരം കാര്യങ്ങൾ സംഭവിക്കാൻ ഇടയായതിൽ കെ.സി.ബി.സി ഖേദിക്കുന്നു.

കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ ശരിതെറ്റുകളെക്കുറിച്ച് അഭിപ്രായം പറയുന്നത് ഉചിതമല്ലെന്നു കെ.സി.ബി.സി കരുതുന്നു. കേസിന്റെ തുടരന്വേഷണവും വിചാരണയും, നിഷ്പക്ഷമായും സമ്മർദങ്ങൾക്കു വിധേയമാകാതെയും നടക്കണം. കോടതിയിൽ സത്യം തെളിയുമെന്നും കുറ്റാരോപിതനു തന്റെ നിരപരാധിത്വം തെളിയിക്കാൻ അവസരം കിട്ടുമെന്നും, കുറ്റം തെളിയിക്കപ്പെട്ടാൽ കുറ്റവാളിക്കു നിയമം അനുശാസിക്കുന്ന ശിക്ഷ ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ സമ്പൂർണമായ നീതി നടപ്പിലാകാൻ വേണ്ടി പ്രാർത്ഥിക്കുന്നു. ആരോപണം ഉന്നയിച്ച വ്യക്തിയുടെയും ആരോപണവിധേയന്റേയും ആത്മാഭിമാനത്തെയും മനുഷ്യാന്തസ്സിനെയും അവഹേളിക്കുന്നതിന് ബോധപൂർവം നടത്തുന്ന ശ്രമങ്ങൾ നീതിക്കും മനുഷ്യത്വത്തിനും നിരക്കുന്നതല്ല എന്നതും വിസ്മരിക്കരുത്.

ഈ കേസിന്റെ മറവിൽ, കത്തോലിക്കാസഭയോടു വിരോധമോ അസൂയയോ ഉള്ള ചിലരും, നിഗൂഢലക്ഷ്യവും നിക്ഷിപ്ത താത്പര്യവും ഉള്ള ചില മാധ്യമപ്രവർത്തകരും, സഭയ്ക്കുള്ളിലെ ഏതാനും അസംതൃപ്തരും ചേർന്ന് കത്തോലിക്കാസഭയെ ബലഹീനമാക്കാനും സഭാപിതാക്കന്മാരെ അപകീർത്തിപ്പെടുത്താനും നടത്തുന്ന ശ്രമത്തെ

വിശ്വാസികൾ തിരിച്ചറിയണം. ഒരു വ്യക്തിക്കെതിരേയുള്ള ആരോപണത്തിന്റെ പേരിൽ ഒരു സഭയെ മുഴുവൻ അധിക്ഷേപിക്കുന്നവർക്കെതിരേ ജാഗ്രത പുലർത്തണം. ഇന്ത്യയിലെ പ്രശസ്തനായ ഒരു മാധ്യമപ്രവർത്തകൻ സഹപ്രവർത്തകയുടെ ലൈംഗിക പീഡനാരോപണത്തിനു വിധേയനായി ജയിലിലായപ്പോൾ മാധ്യമപ്രവർത്തകരെയെല്ലാം ആരും അടച്ചാക്ഷേപിച്ചില്ല. കേരളത്തിലെ ഒരു മന്ത്രി ലൈംഗികപീഡനാരോപണത്തിന്റെ പേരിൽ രാജിവയ്ക്കേണ്ടിവന്നപ്പോൾ, മുഴുവൻ മന്ത്രിമാരെയും രാഷ്ട്രീയക്കാരെയും ആരും കുറ്റപ്പെടുത്തിയില്ല. ഒരു സുപ്രീംകോടതി ജഡ്ജിക്കെതിരെ ലൈംഗിക പീഡന ആരോപണമുണ്ടായതിനെത്തുടർന്ന്, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻസ്ഥാനം അദ്ദേഹം രാജിവയ്ക്കേണ്ടിവന്നപ്പോൾ സുപ്രീംകോടതി ജഡ്ജിമാരെയോ ജുഡീഷ്യറിയെ പൊതുവായോ ആരും ആക്രമിച്ചില്ല. എന്നാൽ ഇന്ത്യയിലെ ഒരു കത്തോലിക്കാ ബിഷപ്പിനെതിരേ ലൈംഗിക പീഡന ആരോപണം ഉണ്ടായപ്പോൾ, അന്വേഷണം പൂർത്തിയാകുന്നതിനു മുമ്പുതന്നെ, ചില സ്ഥാപിതതാത്പര്യക്കാരും മാധ്യമങ്ങളും ചേർന്ന്, കത്തോലിക്കാ സഭയെയും ബിഷപ്പുമാരെ പൊതുവായും ആക്രമിക്കുകയായിരുന്നു. ഇതിലെ അനീതിയും ഗൂഢലക്ഷ്യവും കത്തോലിക്കർ മാത്രമല്ല പൊതുസമൂഹവും തിരിച്ചറിയണം. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യവികസനം തുടങ്ങിയ രംഗങ്ങളിൽ ശ്ലാഘനീയമായ സേവനം നടത്തിയിട്ടുള്ള, കാലാകാലങ്ങളിലുണ്ടായ പ്രകൃതിദുരന്താവസരങ്ങളിൽ ജാതിയും മതവും നോക്കാതെ വ്യാപകമായ ദുരിതാശ്വാസപുനരധിവാസ പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുള്ള ഒരു സമൂഹത്തെ ഇങ്ങനെ വളഞ്ഞിട്ടാക്രമിക്കുന്നതിനു പിന്നിൽ അസൂയയോ വിദ്വേഷമോ എന്നു വ്യക്തമല്ല. വിശുദ്ധിയിൽ ജീവിക്കുന്ന നിരവധി ബിഷപ്പുമാരും വൈദികരും കന്യാസ്ത്രീകളുമുള്ള കത്തോലിക്കാസഭയെ, ഒരു ബിഷപ്പിനെതിരേ ഉയർന്ന, ഇനിയും തെളിയിക്കപ്പെട്ടിട്ടില്ലാത്ത ആരോപണത്തിന്റെ പേരിൽ അവഹേളിക്കുന്നത് അനീതിയാണ്.

സഭയിലെ അച്ചടക്കവും അധികാരികളോടുള്ള വിധേയത്വവും തകർത്ത്, സഭയ്ക്കുള്ളിലെ ഐക്യവും കെട്ടുറുപ്പും നശിപ്പിച്ച്, അരാജകത്വം വളർത്താനുള്ള ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നു. സമർപ്പിത ജീവിതത്തിന്റെ വിശുദ്ധിയും പരിപാവനതയും പരിഹസിക്കപ്പെടുന്നു. കുമ്പസാരം പോലുള്ള കൂദാശപോലും ചോദ്യം ചെയ്യപ്പെടുന്നു. എന്നാൽ, വിശ്വാസ തീക്ഷ്ണതയുള്ള ലക്ഷക്കണക്കിനു വിശ്വാസികളും, വിശുദ്ധ ജീവിതം നയിക്കുന്ന ആയിരക്കണക്കിനു സമർപ്പിതരും, ത്യാഗപൂർണമായ സേവനം ചെയ്യുന്ന നൂറുകണക്കിനു വൈദികരും മെത്രാന്മാരുമുള്ള ഇന്ത്യയിലെ കത്തോലിക്കാസഭയ്ക്ക്, ഏതു പ്രതിസന്ധിയെയും അതിജീവിക്കാനുള്ള ഉൾക്കരുത്തുണ്ട്. കാരണം, ഇതു യേശുക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെ സ്ഥാപിക്കപ്പെട്ട്, ആയിരക്കണത്തിനു രക്തസാക്ഷികളുടെ ത്യാഗത്തിലൂടെ വളർന്ന്, വിശുദ്ധിയിൽ ജീവിച്ച് സേവനം ചെയ്യുന്ന ആയിരങ്ങളുടെ പ്രാർത്ഥനയിലും പ്രവൃത്തിയിലും നിന്ന് ഊർജം സംഭരിച്ച് സമ്മർദങ്ങളെയും മർദനങ്ങളെയും അപവാദപ്രചരണങ്ങളെയും അതിജീവിച്ച പ്രേഷിത സഭയാണ്.

തെറ്റുകൾ തിരുത്തുന്നതിനും കുറവുകൾ പരിഹരിക്കുന്നതിനും കൂടുതൽ ഫലപ്രദമായ സംവിധാനങ്ങൾ സഭയ്ക്കുള്ളിൽ ഉണ്ടാക്കുകയും ചെയ്യും.

ഈ കേസിൽ ഉൾപ്പെട്ടവരുടെ ആരോപണ-പ്രത്യാരോപണങ്ങളുടെ പശ്ചാത്തലത്തിൽ, ആരെയും വിധിക്കാതെയും ആരെയും സംരക്ഷിക്കാതെയും, നിഷ്പക്ഷമായ പോലീസ് അന്വേഷണത്തെ സ്വാഗതം ചെയ്യുന്ന നിലപാടാണ് കെ.സി.ബി.സി ആദ്യം മുതൽ എടുത്തത്. സത്യം വ്യക്തമായി അറിയാതെ അനുകൂലമായോ പ്രതികൂലമായോ നിലപാടു സ്വീകരിക്കാൻ കഴിയില്ല. സുപ്രീംകോടതി തന്നെ നിയമ വിരുദ്ധമെന്നു പറഞ്ഞിട്ടുള്ള മാധ്യമ വിചാരണക്കു പകരം, നിയമവാഴ്ച അനുശാസിക്കുംവിധം പോലീസ് അന്വേഷണവും കോടതി വിചാരണയും നടക്കണമെന്നും കെ.സി.ബി.സി ആവശ്യപ്പെട്ടു. പരാതിക്കാരിയായ സന്ന്യാസിനി, സഭാനിയമപ്രകാരം അധികാരമുള്ളവർക്കു നല്കിയ പരാതിയിന്മേൽ

എത്രയും വേഗം നടപടിയെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും കെ.സി.ബി.സി അറിയിച്ചിരുന്നു. സന്ന്യാസിനിയുടെ ആരോപണം പോലീസിന്റെയും കോടതിയുടെയും പരിഗണനയിലിരിക്കുമ്പോൾ, പ്രസ്തുത ആരോപണത്തിന്റെ പേരിൽ സഭാധികാരികൾ തിടുക്കത്തിൽ നടപടിയെടുക്കുന്നത് ഉചിതമായിരുന്നില്ല. എങ്കിലും, പോലീസ് അന്വേഷണം അവസാനിക്കാൻ കാത്തു നില്ക്കാതെ, ബിഷപ് ഫ്രാങ്കോ മുളക്കലിനെ ജലന്ധർ രൂപതയുടെ ഭരണചുമതലയിൽ നിന്നു താത്കാലികമായി മാറ്റി നിർത്തിക്കൊണ്ടുള്ള നടപടി അതിനധികാരമുള്ളവർ കൈക്കൊണ്ടിട്ടുണ്ട്. സന്ന്യാസിനി ചുമതലപ്പെട്ടവർക്കു പരാതി നല്കിയപ്പോൾ സഭ ന്യായമായ സമയത്തിനുള്ളിൽ ഉചിതമായ നടപടിയെടുത്തിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പരാതിക്കാരിക്കു സഭയിൽ നിന്നു നീതി ലഭിച്ചില്ല എന്ന ആരോപണത്തിൽ കഴമ്പില്ല.

ഏതു കാരണത്തിന്റെ പേരിലായാലും ചില വൈദികരും സന്ന്യാസിനികളും ചേർന്ന് കത്തോലിക്കാസഭയെയും, സഭാധികാരികളെയും, കൂദാശകളെപ്പോലും പരസ്യമായി അവഹേളിക്കാൻ സഭയുടെ ശത്രുക്കൾക്ക് അവസരം ലഭിക്കുംവിധം വഴിവക്കിൽ സമരം ചെയ്തത് കത്തോലിക്കാസഭയെ സ്നേഹിക്കുന്നവരെയെല്ലാം വേദനിപ്പിച്ചു. അവരുടെ നടപടി ക്രൈസ്തവമൂല്യങ്ങൾക്കും കത്തോലിക്കാ സഭയുടെ ഉത്തമതാത്പര്യങ്ങൾക്കും അവരുടെ തന്നെ സന്ന്യാസനിയമങ്ങൾക്കും വിരുദ്ധമായിരുന്നു എന്നു സഭാംഗങ്ങളും പൊതുസമൂഹവും തിരിച്ചറിയുമെന്നു വിശ്വസിക്കുന്നു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി

# Catholic Bishops' Conference of India (CBCI)

**Cardinal Oswald Gracias**
President

## PRESS STATEMENT

The CBCI Standing Committee met at St. John's Medical College, Bangalore for its 134th meeting from September 27-28, 2018.

During this meeting, besides other matters, we reflected on recent happenings in the Church in India.

Aware that our strength lies only in the Lord, we spent a special Holy Hour before the Blessed Sacrament praying to the Lord to bless the Church in India, to strengthen us and to guide all of us in the carrying out of our responsibilities.

We are deeply pained at the recent developments connected with the Bishop of Jalandhar and the constant attacks by the media on the Church implying that it was trying to cover up this case. This accusation does not correspond to the truth. Church authorities have studied and continue to examine this serious and complex matter. Since the civil authorities were making their investigations, the Church did not make any statement. We realize that such matters require time and discernment. We reitereate that we have full confidence in the judicial system of our country.

We invite all people of good will to join us in prayer for those involved, that their sufferings might be alleviated, the spiritual wounds healed, the truth recognized and that justice be done.

We pray for the Church in India. We pray for unity. We pray that Gospel values become more and more moving spirit for our life and our work. We commit ourselves to strive for this.

**+ Oswald Cardinal Gracias**
Archbishop of Bombay &
President, CBCI

September 30, 2018.

# കൂരിയ വാർത്തകൾ

## 1 പ്രളയദുരിതാശ്വാസ ഫണ്ട് സമാഹരണം

കോട്ടയം അതിരൂപത സമാഹരിക്കുന്ന പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് 2018 സെപ്റ്റംബർ 3 വരെ ലഭിച്ച തുക സെപ്റ്റംബർ മാസത്തിലെ തിരുഹൃദയ മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തുകയും കൂടി ഉൾപ്പെടുത്തി ഒക്ടോബർ 3-ാം തീയതി വരെ പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് ആകെ ലഭിച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

**I. Contribution from Parishes**

| Name of Parish | Amount | 2nd Inst. | Total | Forane Total |
|---|---|---|---|---|
| A. **Edackad Forane** | | | | **1383287** |
| Caritas | 100000 | | 100000 | |
| Charamangalam | 100000 | | 100000 | |
| East Nattassery | 75000 | | 75000 | |
| Edackad | 102000 | 50000 | 152000 | |
| Kannamkara | 60471 | | 60471 | |
| Cathedral | 125020 | | 125020 | |
| Kumarakom | | | 0 | |
| Malloossery | | | 0 | |
| Neericad | 30000 | | 30000 | |
| Olessa | 50000 | | 50000 | |
| Pachira | 36326 | | 36326 | |
| Peroor | 100000 | | 100000 | |
| S.H. Mount | 75000 | | 75000 | |
| Samkranthy | 224470 | | 224470 | |
| Vakathanam | 255000 | | 255000 | |
| Veliyanad | | | 0 | |
| B **Chunkom Forane** | | | | **1647994** |
| Chunkom | 700000 | | 700000 | |
| Karimkunnom | 700000 | | 700000 | |

| | | | | | |
|---|---|---|---|---|---|
| | Manakkad | 15000 | | 15000 | |
| | Marika | 105000 | | 105000 | |
| | Mrala | 81994 | | 81994 | |
| | Muttom | | | 0 | |
| | Parambanchery | 10000 | | 10000 | |
| | Vadakkummury | 16000 | | 16000 | |
| | Varapetty | 20000 | | 20000 | |
| **C** | **KAIPUZHA FORANE** | | | | **1533430** |
| | Chamakkala | 50000 | | 50000 | |
| | Ettmunanoor | 440000 | 10000 | 450000 | |
| | Kaipuzha | 300000 | | 300000 | |
| | Kallara Old | 166580 | 7000 | 173580 | |
| | Kurumulloor | 100000 | | 100000 | |
| | Makudalayam | 44200 | | 44200 | |
| | Mannanam | 40650 | | 40650 | |
| | Neendoor | 110000 | 140000 | 250000 | |
| | Vechoor | | | 0 | |
| | Palathuruth | 125000 | | 125000 | |
| **D** | **KADUTHURUTHY FORANE** | | | | **1961571** |
| | Arunnoottymangalam | 258292 | | 258292 | |
| | Eravimangalam | 175000 | | 175000 | |
| | Kaduthuruthy | 103200 | | 103200 | |
| | Kallara New | 172701 | | 172701 | |
| | Karippadam | 208628 | | 208628 | |
| | Kuruppanthara | 130050 | | 130050 | |
| | Memmury | 235000 | | 235000 | |
| | Kothanalloor | 25000 | 50000 | 75000 | |
| | Neezhoor | 173700 | | 173700 | |
| | Pazhuthuruth | 30000 | | 30000 | |
| | Poozhikol | 300000 | | 300000 | |
| | Thottara | 100000 | | 100000 | |

| | | | | | |
|---|---|---|---|---|---|
| E | **PIRAVOM FORANE** | | | | **366000** |
| | Piravom | 205000 | | 205000 | |
| | Kakkanad | 80000 | | 80000 | |
| | Mangidappally | 40000 | | 40000 | |
| | Mevelloor | 20000 | | 20000 | |
| | Ramamangalam | 21000 | | 21000 | |
| F | **KIDANGOOR FORANE** | | | | **1073770** |
| | Cherpunkal | 50000 | 200000 | 250000 | |
| | Cherukara | 100000 | | 100000 | |
| | Kattachira | 28000 | | 28000 | |
| | Kidangoor | 221220 | | 221220 | |
| | Koodalloor | 165500 | | 165500 | |
| | Maridom | 100000 | | 100000 | |
| | Mattakkara | 108000 | | 108000 | |
| | Punnathura East | 101050 | | 101050 | |
| G | **MALANKARA FORANE** | | | | **108490** |
| | Trivandrum | 100000 | | 100000 | |
| | AIYATHALA | | | 0 | |
| | Chengalam | | | 0 | |
| | Eraviperoor | | | 0 | |
| | Chingavanam | | | 0 | |
| | Kallissery | 1500 | | 1500 | |
| | Kattodu | | | 0 | |
| | Kuttoor | | | 0 | |
| | Ranni | | | 0 | |
| | Thengely | | | 0 | |
| | Thuruthickad | | | 0 | |
| | Ramamangalam | | | 0 | |
| | Vidhura | 5000 | | 5000 | |
| | Punaloor | 1990 | | 1990 | |
| | Othara | | | 0 | |
| | Thiruvanvandoor | | | 0 | |

| | | | | |
|---|---|---|---|---|
| **H** | **PADAMUGHAM FORANE** | | | **111091** |
| | Bisonvalley | 9700 | 9700 | |
| | Chakkupallam | | 0 | |
| | Kattappana | 10000 | 10000 | |
| | N.R.City | 20500 | 20500 | |
| | Padamugham | 27451 | 27451 | |
| | Poothaly | 14240 | 14240 | |
| | Senapathy | 8500 | 8500 | |
| | Thadiyampadu | 8000 | 8000 | |
| | Thellithodu | 12700 | 12700 | |
| **I** | **UZHAVOOR FORANE** | | | **2033725** |
| | Amanakara | 125000 | 125000 | |
| | Areekara | 215000 | 215000 | |
| | Chettukulam | 123520 | 123520 | |
| | Edakoly | 35000 | 35000 | |
| | Monipally | 352720 | 352720 | |
| | Pius Mount | | 0 | |
| | Puthuvely | 170000 | 170000 | |
| | Uzhavoor | 812485 | 812485 | |
| | Veliyannoor | 200000 | 200000 | |
| **J** | **MADAMPAM FORANE** | | | 592574 |
| | Alex Nagar | | 0 | |
| | Arayangad | | 0 | |
| | Kanamvayal | | 0 | |
| | Kottoorvayal | | 0 | |
| | Nuchiyad | 7250 | 7250 | |
| | Madampam | 151500 | 151500 | |
| | Michaelgiri | | 0 | |
| | Panniyal | 22000 | 22000 | |
| | Payyavoor | 100000 | 100000 | |
| | Peringala | | 0 | |

| | | | | | |
|---|---|---|---|---|---|
| | Thiroor | 31750 | | 31750 | |
| | Chamathachal | 75220 | | 75220 | |
| | Payavoor Town | 148354 | | 148354 | |
| | Kannur | 52000 | | 52000 | |
| | Pothukuzhy | | | 0 | |
| | Manjakad | 4500 | | 4500 | |
| **K** | **PERIKALLOOR FORANE** | | | | **196428** |
| | Echome | 6000 | | 6000 | |
| | Kappiset | 21250 | | 21250 | |
| | Perikalloor | 50610 | | 50610 | |
| | Kottathara | 3000 | | 3000 | |
| | Pulinjal | | | 0 | |
| | Puthussery | 15624 | | 15624 | |
| | Pius Nagar | 53000 | | 53000 | |
| | Thettamala | 11944 | | 11944 | |
| | Christ Nagar | 35000 | | 35000 | |
| **L** | **RAJAPURAM FORANE** | | | | **1496334** |
| | Airode | 60000 | | 60000 | |
| | Chullikkara | 202500 | | 202500 | |
| | Aayamkavu | | | 0 | |
| | Kallar | 102000 | 5000 | 107000 | |
| | Kottodi | 40000 | | 40000 | |
| | Malakkallu | 440000 | | 440000 | |
| | Odeyamchal | 120000 | | 120000 | |
| | Pookkayam | 40624 | | 40624 | |
| | Rajapuram | 350000 | | 350000 | |
| | Ranipuram | 31210 | | 31210 | |
| | Malom | 5000 | | 5000 | |
| | Kanjangad | 86000 | 14000 | 100000 | |
| **M** | **CHANGALERI FORANE** | | | | **90300** |
| | Changalery | 35000 | | 35000 | |
| | Chulliyode | | | 0 | |

| | | | | |
|---|---|---|---|---|
| | Mangalagiri | 12300 | 12300 | |
| | Rajagiri (Attappadi) | 30000 | 30000 | |
| | Kanthalam | 13000 | 13000 | |
| | Amarambalam | | 0 | |
| N | **BANGALORE FORANE** | | | **137000** |
| | Bangalore | | 0 | |
| | Kadaba | 73300 | 73300 | |
| | Ajkar | 23700 | 23700 | |
| | Nelliyady | 40000 | 40000 | |

**Total 1,27,31,994**

| | Name of Congregation | Amount | 2nd Inst. | Total | Grand Total |
|---|---|---|---|---|---|
| II. | **Contribution from Congregations** | | | | **3500000** |
| | Caritas Secular Institute | 500000 | | 500000 | |
| | LDSJG | 500000 | | 500000 | |
| | SJC | 1000000 | | 1000000 | |
| | MSP | 50000 | 250000 | 300000 | |
| | SVM | 1200000 | | 1200000 | |
| III. | **Contribution from Institutions** | | | | **2696150** |
| | St. Joseph's Home for Elderly, Kaduthuruthy | 10000 | 20000 | 30000 | |
| | St. Pius X convent Kottayam | 20000 | | 20000 | |
| | Caritas Hospital | 2600000 | | 2600000 | |
| | Vallambrosian Hosur Community | 25000 | | 25000 | |
| | Pavana Pastoral Centre | 11150 | 10000 | 21150 | |
| IV | **Contribution from Organizations & Missions** | | | | **6569641** |
| | Mission League, Amanakara | | | 10000 | |
| | KCYL , Amanakara | | | 10000 | |
| | KCC, Kannamkara Unit | | | 205000 | |

| | | | | |
|---|---|---|---|---|
| | SH Knanaya Parish Chicago- Sunny Mutholath | | 926600 | |
| | Lukose P.M , St. Stephen's Parish New York | | 100000 | |
| | Mathew V.M Vattakkalam, St. Stephen's Parish New York | | 15000 | |
| | Thomas M Kandarappallil - S H Parish Tamba | | 200000 | |
| | Thomas Abraham - K C Mission Canada | | 260000 | |
| | Knanaya Koottaima- Sydney | | 111988 | |
| | KCC Brisbane | | 38218 | |
| | St. Joseph K C Trust Degenham UK | | 120276 | |
| | Knanaya Region - Chicago | | 3552675 | |
| | Parroquia de Santa Maria , Spain | | 79342 | |
| | St. Mathews Church York Avenue UK | | 65877 | |
| | Antony - Austrian Knanaya Mission | | 200000 | |
| | Parroquia Santa Albarto, MGNO, Rome | | 124665 | |
| | Delhi Knanaya Catholic Mission | 104000 | 550000 | |
| | Lisamma Joseph - DKCM Delhi | 130170 | | |
| | Abraham Joseph - DKCM Delhi | 85200 | | |
| | Aleyamma George- DKCM Delhi | 50000 | | |
| | Moly Mathew - DKCM Delhi | 66600 | | |
| | Ansy Kuruvila- DKCM Delhi | 35000 | | |
| | Thomaskutty -DKCM- Delhi | 44030 | | |
| | Joy M M - DKCM Delhi | 35000 | | |
| **V.** | **Contribution from Rev. Priests** | | **577055** | **577055** |
| **VI.** | **Contribution from Individuals** | | | **460650** |
| | Jubilee Productions | | 25000 | |
| | Jellitta Publicity | | 25000 | |
| | Jubilee Automobiles | | 25000 | |
| | Babychan Paranickal | | 10000 | |
| | Annie Idicula | | 10000 | |
| | Bay Idicula | | 10000 | |
| | Pennamma Paranickal | | 10000 | |
| | Thomas Paranickal | | 10000 | |

| | |
|---|---|
| Joby Idicula | 10000 |
| Ashly Idicula | 8920 |
| Simon Kallatt | 7000 |
| Aniamma Kallatt | 7000 |
| Anson Kallatt | 6730 |
| Joby M Kuruvila, C/O Hosur Community | 5000 |
| Mrs. Elsy Philo Alex Neettukattu Thodupuzha | 15000 |
| N.J Thomas & Company | 100000 |
| Molamma Ealing Hospital, London | 25000 |
| Chacko Chacko Madathilet, Machestor | 100000 |
| Mathew Olipparakkat, Hoobli, Karnataka | 51000 |
| **Total** | ***1,38,03,496*** |

പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് ആകെ **2,65,35,490** രൂപ (രണ്ട് കോടി അറുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി നാനൂറ്റി തൊണ്ണൂറ് രൂപ) 2018 ഒക്ടോബർ 3 വരെ ലഭിച്ചു.

**2. അപേക്ഷകൾ സ്വീകരിച്ച് വിലയിരുത്തൽ നടത്തി**

അതിരൂപതയുടെ പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ഇടവക പ്രദേശത്തും ഉണ്ടായ നാശനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾക്കായി സഹായം ആവശ്യമുള്ളവരുടെ അപേക്ഷകൾ സ്വീകരിച്ച് അതത് ഇടവയിലെ സാമൂഹ്യസേവന ലോക്കൽ യൂണിറ്റുകൾ വിലയിരുത്തി യൂണിറ്റ് നിർദ്ദേശിച്ച അപേക്ഷകൾ അതത് സാമൂഹ്യ സേവന വിഭാഗങ്ങൾക്ക് സമർപ്പിച്ചു. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി, ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നീ സാമൂഹ്യ സേവന വിഭാഗങ്ങൾ പ്രസ്തുത അപേക്ഷകൾ പഠിച്ചതിനുശേഷം തുടർ വിലയിരുത്തലിനായി കേന്ദ്ര കമ്മിറ്റി നിയോഗിച്ച സബ് കമ്മിറ്റിയോഗങ്ങളിൽ സംക്ഷിപ്ത രൂപം അവതരിപ്പിച്ചു.

### 3. സബ് കമ്മിറ്റിയോഗങ്ങൾ

അതിരൂപതയുടെ പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ഇടവക പ്രദേശത്തു നിന്നും ലഭിക്കുകയും സാമൂഹ്യ സേവനവിഭാഗങ്ങൾ നേരിട്ട് വിലയിരുത്തുകയും ചെയ്ത അപേക്ഷകൾ തുടർ വിലയിരുത്തുന്നതിനായി അതിരൂപതാ കേന്ദ്ര കമ്മിറ്റി രൂപം നൽകിയ സബ് കമ്മിറ്റികൾ യോഗം ചേർന്നു. ഇടയ്ക്കാട്, കിടങ്ങൂർ ഫൊറോനകളുടെ സഹകരണത്തോടെ വെളിയനാട്, ഒളശ്ശ, ചെങ്ങളം തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രമാക്കി നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ അവലോകന യോഗം സെപ്റ്റംബർ 27 ന് രാവിലെ ചൈതന്യയിലും ചുങ്കം, ഉഴവൂർ ഫൊറോനകൾ സഹകരിച്ച് ഹൈറേഞ്ച് മേഖലയിൽ നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ അവലോകന യോഗം സെപ്റ്റംബർ 27 ന് വൈകുന്നരം ചുങ്കത്തും ചേർന്നു. പിറവം ഫൊറോനയുടെ നേതൃത്വത്തിൽ രാമമംഗലം വെള്ളൂർ തുടങ്ങിയ പ്രദേശങ്ങളിൽ നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ അവലോകന യോഗം ഒക്ടോബർ 2 ചൊവ്വാഴ്ച 2.30 നും കൈപ്പുഴ, കടുത്തുരുത്തി ഫൊറോനകൾ സഹകരിച്ച് മലങ്കര ഫൊറോന കേന്ദ്രമാക്കി നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ അവലോകന യോഗം ഒക്ടോബർ 2 ചൊവ്വാഴ്ച വൈകുന്നേരം 4 മണിക്കും ചൈതന്യയിലും ചേരുകയുണ്ടായി. അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ച സബ്കമ്മിറ്റി യോഗങ്ങളിൽ ഓരോ പ്രദേശത്തിനും പിന്തുണ നൽകുന്ന ഫൊറോനയിലെ വികാരിമാരും പ്രസ്തുത ഫൊറോനകളിലെ സാമൂഹ്യ സേവന പ്രവർത്തനങ്ങളുടെ ചുമതലയുള്ള ബഹു. അച്ചന്മാരും വിൻസന്റ് ഡി പോളിന്റെ പ്രതിനിധികളും പങ്കെടുത്ത് വിലയിരുത്തൽ നടത്തി. യോഗത്തിൽ അതത് സാമൂഹ്യ സേവന വിഭാഗത്തിന്റെ സെക്രട്ടറിമാർ പ്രാഥമിക വിലയിരുത്തലുകളുടെ വെളിച്ചത്തിൽ പഠനറി

പ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ഓരോ അപേക്ഷകളിലും സബ്ക മ്മിറ്റി ശുപാർശ ചെയ്യുന്ന തുക തീരുമാനിച്ചു.

**4.കേന്ദ്ര കമ്മിറ്റി യോഗം**

കോട്ടയം അതിരൂപത നടപ്പിലാക്കി വരുന്ന പ്രളയ ദുരിതാശ്വാസ പുനരധിവാസ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പദ്ധ തികൾക്ക് അംഗീകാരം നൽകുന്നതിനുമായി അതിരൂപതാ കൂരിയാ അംഗങ്ങളുടെയും ഫൊറോന വികാരിമാരുടെയും സോഷ്യൽ ആക്ഷൻ കമ്മീഷൻ അംഗങ്ങളുടെയും സംയുക്ത യോഗം ഒക്ടോ ബർ 3-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് മാർ മാത്യു മൂല ക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചൈതന്യയിൽ ചേർന്നു. ഇതി നോടകം 2,65,35,490 രൂപയാണ് അതിരൂപതാ പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് വ്യക്തികളിൽ നിന്നും ഇടവകകളിൽ നിന്നും സംഘ ടനകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്യാസ സമർപ്പിത സമൂഹങ്ങളിൽ നിന്നുമായി ലഭിച്ചിട്ടുള്ളതെന്ന് പിതാവ് അറിയിച്ചു. ഓരോ ഇടവക പ്രദേശത്തും ഉണ്ടായ നാശനഷ്ടങ്ങളുടെ അടി സ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾക്കായി സഹായം ആവശ്യമു ള്ളവരുടെ അപേക്ഷകൾ അതത് ഇടവയിലെ സാമൂഹ്യസേവന ലോക്കൽ യൂണിറ്റുകൾ വിലയിരുത്തുകയും അതത് സാമൂഹ്യ സേവന വിഭാഗങ്ങൾക്ക് സമർപ്പിക്കുകയുമുണ്ടായി. സാമൂഹ്യ സേവ നവിഭാഗങ്ങൾ നേരിട്ട് വിലയിരുത്തിയ അപേക്ഷകൾ അതിരൂപതാ കേന്ദ്ര കമ്മിറ്റി രൂപം നൽകിയ സബ് കമ്മിറ്റികൾ യോഗം ചേർന്ന് തുടർ വിലയിരുത്തലുകൾ നടത്തിയതിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യ സേവന വിഭാഗങ്ങളുടെ സെക്രട്ടറിമാർ കേന്ദ്രകമ്മിറ്റിയിൽ പഠനറിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചകളിൽ താഴെപ്പ റയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

- ഭവനനിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി ഒരു കോടി അൻപത്തി എട്ട് ലക്ഷം രൂപയും, കൃഷി-ഉപവരുമാന

പുനരുദ്ധാരണ പദ്ധതികൾക്കായി 66 ലക്ഷം രൂപയും, വിദ്യാഭ്യാസ സഹായമായി 26 ലക്ഷം രൂപയും, പ്രതിമാസ ധനസഹായം കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്കായി 14 ലക്ഷം രൂപയും നൽകുവാൻ യോഗത്തിൽ തീരുമാനമായി

- ഗവൺമെന്റ് ആനുകൂല്യങ്ങളും ഇതര സാമ്പത്തിക സഹായ സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിന് പ്രോത്സാഹിപ്പിക്കണമെന്ന് യോഗത്തിൽ നിർദ്ദേശിച്ചു.
- തുടർ വിശദാംശങ്ങൾ സോഷ്യൽ ആക്ഷൻ കമ്മീഷൻ ചെയർമാന്റെ നേതൃത്വത്തിൽ സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറിമാരും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഫൊറോന വികാരിമാർ ഉൾപ്പടെയുള്ള സബ്കമ്മിറ്റി അംഗങ്ങളും ചേർന്ന് തീരുമാനിച്ച് നടപ്പിലാക്കണം.
- അതത് സാമൂഹ്യ സേവന വിഭാഗങ്ങളുടെ നേതൃത്വത്തിൽ ലോക്കൽ യൂണിറ്റുകളുടെ സഹകരണത്തോടെ വേണം പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ
- ഓരോ പദ്ധതിയും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നടപ്പിലാക്കലിന്റെ പുരോഗതി അനുസരിച്ച് മാത്രം ഫണ്ട് ലഭ്യമാക്കുന്നതിനും സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ ശ്രദ്ധിക്കണം.
- അനുവദിച്ചിരിക്കുന്ന തുകകൾ അതത് പ്രദേശത്തെ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾക്ക് അതിരൂപതാ പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നും താമസിയാതെ ലഭ്യമാക്കുന്നതാണ്.
- ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്ന ലാൻഡ് ടു ലാൻഡ്ലെസ്സ് പദ്ധതിവഴിയായി കരിങ്കുന്നം, ചേർപ്പുങ്കൽ, അറുന്നൂറ്റിമംഗലം, കൈപ്പുഴ, ചേറ്റുകുളം, നീണ്ടൂർ എന്നീ പ്രദേശങ്ങളിൽ ഭൂമി നല്കുവാൻ സന്മനസ്സായിട്ടുള്ളവർ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ നിന്നും ലഭ്യമാക്കും.

ഇതിനോടകം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗങ്ങളായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി, ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നിവ വഴിയായി ഇതിനോടകം 1,27,70,825 രൂപയുടെ വിവിധ സഹായങ്ങൾ ജാതിമതഭേദമന്യേ എല്ലാവിഭാഗം ജനങ്ങൾക്കുമായി ലഭ്യമാക്കിയിട്ടുണ്ടെന്ന് കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ യോഗത്തെ അറിയിച്ചു. വിൻസന്റ് ഡി പോൾ സൊസൈറ്റി, ഒ.എസ്.എച്ച് കോൺഗ്രിഗേഷൻ, ക്നാനായ ബാങ്ക് എന്നിവ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും യോഗത്തിൽ പങ്കുവച്ചു. സംഭാവനകൾ നൽകിയവർക്കും കൂട്ടായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവർക്കും അഭിവന്ദ്യ പിതാവ് അഭിനന്ദനങ്ങളും നന്ദിയും അറിയിച്ചു. പദ്ധതികളെല്ലാം പരമാവധി ഫലപ്രാപ്തിയിൽ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കണമെന്ന് പിതാവ് ഓർമ്മപ്പെടുത്തി. ഫാ. സുനിൽ പെരുമാനൂർ യോഗത്തിന് നന്ദി പറഞ്ഞു പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
ചെയർമാൻ
സോഷ്യൽ ആക്ഷൻ കമ്മീഷൻ

# അജപാലന കേന്ദ്ര പ്രോഗ്രാമുകൾ

# CHAITHANYA PROGRAMME
## October 2018

| Date | Programme |
|---|---|
| 1 | KSSS Elders Day Observations |
| 2 | Save the Mother Earth Green Planet - Programme |
| 2 | Legion of Mary Meeting |
| 2 | KSSS-PFA Training |
| 3 | Theological Commission Meeting |
| 3 | Ayush Meeting |
| 3 | KSSS-PFA Training |
| 4 | My Life Style Programme |
| 4 | KSSS - Caritas India Flood Relief Kit Distribution |
| 5 | KSSS Animators' Meeting |
| 12 | Coconut Development Board Seminar |
| 13 | Musical Factory - Training Programme |
| 16 | Bi-monthly Meeting of Priests |
| 17 | KSSS Coordinators' Meeting |
| 17-19 | Mission League Juniors Camp |
| 17 | My Life Style Programme |
| 23 | KCYL Meeting |
| 26 | Catholic Health Association Partners Meet |

# അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്

## ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| **ഒക്ടോബർ** | | |
| ഒക്ടോബർ 2 | ലീജിയൻ ഓഫ് മേരി മീറ്റിംഗ് | തൂവാനിസ |
| ഒക്ടോബർ 3 | തിയോളജിക്കൽ കമ്മീഷൻ മീറ്റിംഗ് | ചൈതന്യ |
| ഒക്ടോബർ 11-13 | വിവാഹ ഒരുക്ക കോഴ്സ് | തൂവാനിസ |
| ഒക്ടോബർ 16 | വൈദികരുടെ മാസധ്യാനം | ചൈതന്യ |
| ഒക്ടോബർ 17-19 | ചെറുപുഷ്പ മിഷൻ ലീഗ് ജൂനിയർ ക്യാമ്പ് | ചൈതന്യ |
| ഒക്ടോബർ 19 | ചെറുപുഷ്പ മിഷൻ ലീഗ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് | ചൈതന്യ |
| ഒക്ടോബർ 23 | കെ.സി.വൈ.എൽ മീറ്റിംഗ് | ചൈതന്യ |

# ബറുമറിയം പാസ്റ്ററൽ സെന്റർ

## ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

ഉദ്ഘാടനം - രാജപുരത്ത് - 2-2-2015

വിവരശേഖരണം - 4161 കുടുംബങ്ങളിൽ 20418 വ്യക്തികളുടെ ഋഗശ്രീ പദ്ധതിയിൽ പെടുത്തി 123 വീടുകൾക്ക് പൂർണ്ണമായും 20 വീടുകൾക്ക് ഭാഗികമായും സഹായം 14260000.

ഇടവക വിശുദ്ധീകരണ ധ്യാനങ്ങൾ കൺവൻഷനുകൾ ഹോംമിഷ്യൻ

8 സെന്ററുകളിൽ മെഡിക്കൽ ക്യാമ്പുകൾ

ജൈവഗ്രാമ പദ്ധതി പ്രകാരം എല്ലാ കുടുംബങ്ങളിലും (മാസ്സ്) 4 ഗ്രോബാഗും രണ്ട് സെന്റ് സ്ഥലത്ത് കൃഷി ചെയ്യാനുള്ള പച്ചക്കറി വിത്തും.

വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ

വിസിറ്റേഷൻ സിസ്റ്റേഴ്സ് - 40 ലക്ഷം (പെരിക്കല്ലൂർ ഫൊറോന)

സെന്റ് ജോസഫ് സിസ്റ്റേഴ്സ് - 25 ലക്ഷം (ചെങ്ങലേരി ഫൊറോന)

കാരിത്താസ് സിസ്റ്റേഴ്സ് - 45 ലക്ഷം (രാജപുരം, മടമ്പം ഫൊറോന)

- സമുദായ ബോധവൽക്കരണ റിസോഴ്സ് ടീം:

ഇടവകകൾതോറും ബോധവൽക്കരണ ക്ലാസ്സുകൾ.

- എല്ലാ സംഘങ്ങൾക്കും (മാസ്സ്) 5000 രൂപ വിലമതിക്കുന്ന ഒരാടിനെ നല്കി
- കോഴി വളർത്തലിന് ഹൈടെക് കോഴിവളർത്തൽ യൂണിറ്റുകൾ
- രണ്ട് സിമ്പോസിയങ്ങൾ
- കാരുണ്യസ്പർശം: 70 കിടപ്പുരോഗികൾക്ക് മാസംതോറും 1250 രൂപ വീതം ഒരു വർഷത്തേക്ക് നല്കി.
- 25 കുടുംബങ്ങൾക്ക് ശൗചാലയങ്ങൾ പണിയാൻ സഹായം
- എല്ലാ ഫൊറോനകളിലും കാർഷിക സെമിനാറുകൾ
- 50 കുടുംബങ്ങൾക്ക് വാട്ടർ റീചാർജ്ജിന് സഹായം
- കലാ-കായിക മത്സരങ്ങൾ
- പ്രേഷിതസംഗമം - സി.എം.എൽ + തിരുബാലസഖ്യം - പയ്യാവൂരിൽ
- മാതൃപിതൃ സംഗമം - കെ.സി.സി. + കെ.സി.ഡബ്ല്യു.എ. - പെരിക്കല്ലൂർ
- മതാദ്ധ്യാപകസംഗമം - ചെങ്ങലേരി
- പ്രയാൺ - കാരണവന്മാരുടെ ഫൊറോനതല സംഗമങ്ങൾ
- യുവജനസംഗമം - ഐക്യം 2017 - രാജപുരം
- ദേവാലയ ശുശ്രൂഷികളുടെ സംഗമം
- പാരിഷ് കൗൺസിൽ അംഗങ്ങളുടെ ഫൊറോനതല സമ്മേളനം
- പ്ലാറ്റിനം ജൂബിലി സ്റ്റാർസ് പദ്ധതി

- ദർപ്പൺ - അദ്ധ്യാപക-അനദ്ധ്യാപക സംഗമം ശ്രീപുരത്ത്
- മിഷണറി സംഗമം - ശ്രീപുരത്ത്
- അതിരൂപതാദിനം - മടമ്പത്ത്
- സമാപനം - ശ്രീപുരത്ത്

# BPCLA - KOTTAYAM DIOCESE

## Malabar Kudiyetta Platinum Jubilee Account

**Receipts and Payments for the period From 01-01-2015 to 18-09-2018**

| | | |
|---|---|---|
| | **RECEIPTS** | |
| To | The Collection | 1,695,742.00 |
| " | Therattu Fee From Kottayam Bishops House | 5,000,000.00 |
| " | Therattu Fee From Kannur Region | 1,185,067.00 |
| " | Contribution From Priests & Individuals | 1,279,869.00 |
| " | Samuthaya Bodavalkaranam From Apana Des | 83,000.00 |
| " | Teachers Sangamam From Kottayam Corporate Edu. Agency | 165,010.00 |
| " | Athiroopatha Dhinam From Kottayam Bishops House | 260,566.00 |
| " | Jubilee Samapanam Collection | 12,400.00 |
| " | Medical Aid (Karunya Sparsam) | 1,080,804.00 |
| " | Medical Camp (Medical Aid) | 5,000.00 |
| " | Platinum Stars Project | 949,689.00 |
| " | Well Re-Charging Contributation | 455,987.00 |
| " | Advertaisment & Calender Collection | 494,991.00 |
| " | Housing Aid Fund | 12,913,839.00 |
| | **TOTAL** | **25,126,964.00** |
| | **PAYMENTS** | |
| By | Tin Collection Expenses | 59,420.00 |
| " | Toilet construction to MASS | 500,000.00 |
| " | Rent | 19,400.00 |

| | | |
|---|---|---|
| " | Samuthaya Bodavalkaranam Expenses | 30,000.00 |
| " | Jubilee Symposium | 105,120.00 |
| " | CML Rally Payyavoor | 38,000.00 |
| " | Jubilee Prayan | 110,000.00 |
| " | Kalliyar Sangamam | 18,619.00 |
| " | Food Expenses | 99,814.00 |
| " | Catechisam Teachers Sangamam (Changaleri) | 35,000.00 |
| " | Mathru-Prithu Sangamam (Perikalloor) | 75,000.00 |
| " | Teachers Sangamam (Kannur) | 165,010.00 |
| " | Athiroopatha Dhinam (Madambam) | 260,566.00 |
| " | Missionary Sangamam | 114,674.00 |
| " | Priests Gathering | 53,040.00 |
| " | Jubilee Samapanam Expenses | 693,724.00 |
| " | Jubilee Rally | 286,862.00 |
| " | Internal Audit Fee | 1,000.00 |
| " | Arts & Sports Expenses | 135,060.00 |
| " | KCC, KCWA, KCYL Sangamam | 39,439.00 |
| " | Medical Aid- Karunya Sparsam | 1,078,000.00 |
| " | Medical Camp - Medical Aid | 162,804.00 |
| " | Platinum Stars Expenses | 494,689.00 |
| " | Well Re-Charging Expenses | 455,987.00 |
| " | Meeting Expenses | 46,550.00 |
| " | Jubilee Inauguration Expenses | 32,323.00 |
| " | Advertaisment & Calender Expenses | 684,575.00 |
| " | Printing & Stationary | 44,946.00 |
| " | Travelling Expenses | 67,550.00 |
| " | Housing Aid Paid | 14,250.00 |
| " | Miscellaneous Expenses | 11,070.00 |
| " | Jubilee Samarpana Committee | 60,000.00 |
| | CASH AND BANK BALANCE | |

| | |
|---|---|
| For Karunyasparsham Programe Fund | 600,000.00 |
| " Kudiyetta Platinum Jubilee Education Fund | 800,000.00 |
| " Houseing Aid Fund | 3,200,000.00 |
| " Platinum Jubilee Souvenir | 288,722.00 |
| | **4,888,722.00** |
| **TOTAL** | **25,126,964.00** |

**AUDITOR'S REPORT**

As per our report of even date attached separelty

Place: Kannur  
Date: 27-9-2018

For JACOB & GEORGE  
Chartered Accountants

# തൂവാനിസ പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം |
|---|---|
| **ഒക്ടോബർ** | |
| ഓക്ടോബർ 5 - 7 | അഖണ്ഡജപമാല |
| ഒക്ടോബർ 11 - 13 | വിവാഹ ഒരുക്ക കോഴ്സ് |
| ഒക്ടോബർ 14 - 18 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം |
| ഒക്ടോബർ 18 - 21 | യുവജനധ്യാനം |
| ഒക്ടോബർ 28 - നവം. 1 | ആന്തരീക വിശുദ്ധീകരണ ധ്യാനം |

# ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 30-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെട്ടു.

**ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ**
ചെയർമാൻ

# വിശ്വാസ പരിശീലനം കമ്മീഷൻ

## വിശ്വാസ പരിശീലനം ഒന്നാം സെമസ്റ്റർ പരീക്ഷ

ഈ അദ്ധ്യയന വർഷത്തിലെ ഒന്നാം സെമസ്റ്റർ പരീക്ഷ 1 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ നടത്തപ്പെടുന്നതാണ്. ചോദ്യപേപ്പറുകൾ നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ എത്തിച്ചു.

**ഫാ. മാത്യു കൊച്ചാദംപള്ളിൽ**
ചെയർമാൻ

## മലബാർ റീജിയൺ

## മലബാർ റീജിയൺ മതബോധന കമ്മീഷൻ അംഗങ്ങളുടെ മീറ്റിംഗ് നടത്തപ്പെട്ടു

മലബാർ റീജിയൺ മതബോധന കമ്മീഷൻ അംഗങ്ങളുടെ മീറ്റിംഗ് സെപ്റ്റംബർ മാസം 20-ാം തിയതി ശ്രീപുരത്ത് വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ ദീർഘകാലം കമ്മീഷൻ അംഗമായിരുന്ന സി. സരള എസ്.വി.എം ന് യാത്രയയപ്പ് നൽകി. പുതിയ അദ്ധ്യയന വർഷത്തിലെ കമ്മിഷൻ സന്ദർശനങ്ങളെകുറിച്ചും ഫൊറോന തലത്തിൽസംഘടിപ്പിക്കേണ്ട അദ്ധ്യാപക സെമിനാറിനെ കുറിച്ചും ചർച്ച

ചെയ്യുകയും അതിനു വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

### സെമിനാർ നടത്തി

ഫൊറോന മതബോധന അദ്ധ്യാപകരുടെ ഏകദിന സെമിനാർ സെപ്റ്റംബർ 23-ാം തിയതി ഞായറാഴ്ച രാജപുരം ഫൊറോന പള ളിയിൽ വെച്ച് നടത്തി. ഫൊറോന വികാരി ഫാ. ഷാജി വടക്കേ ത്തൊട്ടി അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ് മലബാർ റീജിയൺ മതബോ ധന കമ്മിഷൻ ചെയർമാൻ ഫാ. ലിജോ കൊച്ചുപറമ്പിൽ ഉദ്ഘാ ടനം ചെയ്തു. ഫൊറോന മതബോധന ഡയറക്ടർ ഫാ. ബേബി പാറ്റിയാൽ സ്വാഗതവും ശ്രീ. ജയിംസ് ഒരപ്പാങ്കൽ നന്ദിയും അറി യിച്ചു. സുജൻ സെമിനാറിന് നേതൃത്വം കൊടുത്തു. വിവിധ ഇടവ കകളിൽ നിന്നായി എൺപത്തിയഞ്ച് മതാദ്ധ്യാപകർ സെമിനാറിൽ പങ്കെടുത്തു.

**ഫാ. മാത്തുക്കുട്ടി കൊളാക്കാട്ടുകുടിയിൽ**

# കരിസ്മാറ്റിക് കമ്മീഷൻ

### തൂവാനിസ ബൈബിൾ കൺവൻഷൻ

കോട്ടയം അതിരൂപതയുടെ പ്രാർത്ഥനാലയമായ കോതനല്ലൂർ തൂവാനിസയിൽ നടത്തപ്പെടുന്ന 18-ാമത് ബൈബിൾ കൺവൻഷൻ സെപ്റ്റംബർ 20, 21, 22, 23 തീയതികളിൽ നടത്തപ്പെട്ടു.

### വിവാഹ ഒരുക്ക സെമിനാർ

ഒക്ടോബർ 11, 12, 13 തീയതികളിൽ തൂവാനിസയിൽ വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു.

### ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം

ഫാ. ജോസഫ് വടകര, ബ്രദർ അലക്സ് & ടീം നയിക്കുന്ന ദിവ്യ കാരുണ്യാനുഭവ മരിയൻ ധ്യാനം ഒക്ടോബർ 14-ാം തീയതി മുതൽ 18-ാം തീയതി വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

## യുവജന ധ്യാനം

ഫാ. ജിബിൽ കുഴിവേലിൽ & ടീം നയിക്കുന്ന യുവജനധ്യാനം ഒക്ടോബർ 18 മുതൽ 21 വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

## ആന്തരീക വിശുദ്ധീകരണ ധ്യാനം

ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം നയിക്കുന്ന ആന്തരീക വിശുദ്ധീകരണ ധ്യാനം ഒക്ടോബർ 28 മുതൽ നവംബർ 1 വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

## ജാഗരണ പ്രാർത്ഥന

എല്ലാ വെള്ളിയാഴ്ചകളിലും വൈകിട്ട് 6.30 മുതൽ രാത്രി 1 മണി വരെ ജാഗരണ പ്രാർത്ഥന നടത്തപ്പെടുന്നു.

## യൂത്ത് പ്രാർത്ഥന കൂട്ടായ്മ

എല്ലാ രണ്ടാം ശനിയാഴ്ചകളിലും രാവിലെ 9.30 മുതൽ ഉച്ചക്ക് 2 വരെ ജീസസ്സ് യൂത്ത് പ്രാർത്ഥന കൂട്ടായ്മയും ട്രെയിനിംഗും നടത്തപ്പെടുന്നു.

**ഫാ. ജിബിൽ കുഴിവേലിൽ**
ചെയർമാൻ

# വിദ്യാഭ്യാസ കമ്മീഷൻ

## ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് 8–ാം വർഷത്തിലേക്ക്

കോട്ടയം അതിരൂപത ശതാബ്ദിയുടെ സ്മാരകമായി നാം ആരംഭിച്ച ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് 8—ാം വർഷത്തിലേക്ക് കടക്കുകയാണ്. കഴിഞ്ഞ 7 വർഷങ്ങളായി അതിരൂപതയിലെ നിർദ്ധനരായ 1325 കുട്ടികളെ സഹായിക്കാൻ ഈ പദ്ധതി പര്യാപ്തമായിട്ടുണ്ട്. അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനത്തിൽ അഡ്മിഷൻ ലഭിച്ച ജോലി സാധ്യതയുള്ള ഏത് ഡിഗ്രി, പി.ജി കോഴ്സിനും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്. ആദ്യവർഷം ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിക്ക് പഠനം തീരുന്നതുവരെ എല്ലാ വർഷവും നിശ്ചിത തുക പലിശരഹിത വായ്പയായി ലഭിക്കുന്ന

ഈ പദ്ധതിവഴി കഴിഞ്ഞ 7 വർഷം കൊണ്ട് 6 കോടി 76 ലക്ഷം രൂപ നൽകിയിട്ടുണ്ട്. .

അതിരൂപതയിലെ വൈദികരിൽ നിന്നും സന്യാസിനികളിൽ നിന്നും ഓരോ ഇടവകയിലെയും സുമനസ്സുകളായ അൽമായ സഹോദരങ്ങളിൽ നിന്നും സമാഹരിച്ച 4 കോടി രൂപയാണ് ഇതിന്റെ മൂലധനം. പഠനം പൂർത്തിയാക്കി ഒന്നാം വർഷം മുതൽ വായ്പ തുക തിരികെ നൽകണമെന്നതാണ് വ്യവസ്ഥയെങ്കിലും തിരിച്ചടവ് സാദ്ധ്യമാകുന്ന ഒരു ജോലി തരപ്പെടുത്തുവാൻ ഈ കാലയളവുകൊണ്ട് ചിലർക്ക് സാധിക്കുന്നില്ല. എങ്കിലും കിട്ടുന്ന വേതനത്തിൽ നിന്നും കുറേശ്ശെയായി എങ്കിലും തിരിച്ചു നൽകുവാൻ ഒട്ടുമിക്കവരും മനസ്സുകാണിക്കുന്നുണ്ട്. തങ്ങൾക്കു ലഭിച്ച സഹായം തന്നെപ്പോലെ ബുദ്ധിമുട്ടുന്ന മറ്റുള്ളവരെയും സഹായിക്കാൻ സാദ്ധ്യമാക്കണമെന്ന ചിന്തയാണ് ഇതിനവരെ പ്രേരിപ്പിക്കുന്നത്.

വിദ്യാഭ്യാസ പദ്ധതിയുടെ കണക്കുകൾ എഴുതി സൂക്ഷിക്കുവാൻ എല്ലാ ഇടവകകൾക്കും ഒരു രജിസ്റ്റർ നൽകിയിട്ടുണ്ട്. സമയാസമയങ്ങളിൽ ഈ രജിസ്റ്റർ പരിശോധിച്ച് വായ്പ തിരിച്ചടവിന് പര്യാപ്തരായവരെ അക്കാര്യം ഓർമ്മപ്പെടുത്തുവാൻ ഇടവക വികാരിമാരും പാരിഷ് കൗൺസിലും വേണ്ടത്ര ശ്രദ്ധിച്ചാൽ തിരിച്ചടവ് കൂടുതൽ കാര്യക്ഷമമാവുകയും അതുവഴി കൂടുതൽ ആളുകളിലേക്ക് പദ്ധതിയുടെ സഹായം വ്യാപിപ്പിക്കുവാനും കാലാനുസൃതമായി ലഭ്യമാക്കുന്ന വായ്പ തുക വർദ്ധിപ്പിക്കുവാനും സാധിക്കും.

2014 ലെ അതിരൂപതാ അസംബ്ലിയുടെ തീരുമാനപ്രകാരം, പെസഹാവ്യാഴാഴ്ചത്തെ സ്തോത്രക്കാഴ്ച വിദ്യാഭ്യാസ പദ്ധതിയിലേക്ക് മുതൽ കൂട്ടുന്നുണ്ട്. 2015 മുതൽ 2018 വരെ യഥാക്രമം 34 ലക്ഷം, 57 ലക്ഷം, 48 ലക്ഷം, 49 ലക്ഷം രൂപ ഇപ്രകാരം മൂലധനമായി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ധനവിനിയോഗത്തിന്റെ ഓഡിറ്റ് ചെയ്ത കണക്ക് എല്ലാവർഷവും പള്ളികളിൽ അറിയിക്കാറുണ്ട്. ഒപ്പം അപ്നാദേശിൽ പ്രസിദ്ധീകരിക്കാറുണ്ട്. സുതാര്യമായ ഈ പദ്ധതിയുടെ നടത്തിപ്പ് അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവ് അദ്ധ്യക്ഷനായ 17 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നു.

ഈ വർഷത്തെ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള കത്ത് എല്ലാ ഇടവകകളിലേക്കും അയച്ചിട്ടുണ്ട്. ഒക്ടോബർ 15-ാം തീയതിക്കകം

അപേക്ഷകൾ അരമനയിലെ CEFAK ഓഫീസിൽ ലഭിച്ചിരിക്കണം. ഡിസംബർ ആദ്യവാരം വായ്പ തുക വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്.

## cefak-Maundy Thursday Offering 2018

| Sl No | Name of Parish | Amt(Rs) |
|---|---|---|
| 1. | Christ King Cathedral Kottayam | 163317 |
| 2. | St. George Forane Church Edakkat | 40751 |
| 3. | St. John's Vellara Church Kumarakom | 70100 |
| 4. | St. Xaviour's Church Kannamkara | 47561 |
| 5. | Holy Family Church East Nattassery | 30951 |
| 6. | St. Mary's Church Pachira | 28070 |
| 7. | St. Sebastian's Church Peroor | 65000 |
| 8. | St. Michael's Church Veliyanad | 27600 |
| 9. | St. Mathew's Church Vakathanam | 21100 |
| 10. | St. Antony's church Olessa | 33000 |
| 11. | Lourd Matha Church Neericad | 39010 |
| 12. | Little Flower Church Sankranthi | 68550 |
| 13. | St. Anne's DCM Church Charamangalam | 22000 |
| 14. | Sacred Heart Church SH Mount | 71850 |
| 15. | St. Thomas Church Mallossery | 53060 |
| 16. | St. Thomas Church Carithas | 28770 |
| 17. | St. Mary's Forane Church Kaduthuruthy | 125602 |
| 18. | Holy King Church Piravom | 87461 |
| 19. | St. Mary's Church Karippadam | 42850 |
| 20. | Holy Family Church Velloor | 3000 |
| 21. | St. Joseph's Church Arunoottimangalam | |
| 22. | Infant Jesus Church Neezhoor | 56580 |
| 23. | St. Thomas Church Ramamangalam | 17000 |
| 24. | St. Mary's Church Kallara New | 54000 |
| 25. | Little Flower Church Memury | 32000 |
| 26. | St. Thomas Church Kuruppanthara | 81000 |
| 27. | St. Mary's Church Eravimangalam | 70420 |
| 28. | St. Mary's Church Thottara | 21280 |
| 29. | St. Thomas Mount Church Mangidappally | 23351 |
| 30. | St. Luke's Church Poozhikol | 59670 |
| 31. | St. Kuriakose Church Pazhuthuruth | 12000 |
| 32. | St. Kuriakose Church Ernakulam | 53500 |
| 33. | St. Mary's Church Kothanalloor | 15650 |

| | | |
|---|---|---|
| 34. | St. Stephen's Forane Church Uzhavoor | 262861 |
| 35. | Sacred Heart Church Monipplly | 76980 |
| 36. | St. Roch's Church Areekara | 95000 |
| 37. | St. Anne's church Edakoly | 42994 |
| 38. | St. Sebastian's Church Thamarakadu | 33500 |
| 39. | St. Joseph's Church Puthuvely | 31000 |
| 40. | Pius Xth Church Pius Mount | 14210 |
| 41. | St. Mary's Church Veliyannoor | 42000 |
| 42. | St. Mary's Church Chettukulam | 25057 |
| 43. | St. George Church Kaipuzha | 81680 |
| 44. | St. Michael's Church Neendoor | 103510 |
| 45. | St. John's Church Chamakkala | |
| 46. | St. Thomas Church Kallara Old | 103000 |
| 47. | St. Stephen's Church Kurumulloor | 86414 |
| 48. | St. Joseph's Church Ettumanoor | 40630 |
| 49. | St. Thresia's Church Palathuruth | 34190 |
| 50. | St. Theresa's Church Makudalayam | 22600 |
| 51. | St. Stephen's Church Mannanam | 5138 |
| 52. | St. George Church Vechoor | |
| 53. | St. Mary's Forane Church Chunkom | 113900 |
| 54. | St. Augustine's Church Karimkunnam | 226500 |
| 55. | St. Mary's Church Varappetty | 15166 |
| 56. | St. Antony's Church Marika | 41865 |
| 57. | St. Mary's Church Muttom | 15000 |
| 58. | St. Peter& Paul Church Mrala | 28360 |
| 59. | St. Stephen's Church Parampanchery | 26000 |
| 60. | St. Joseph's Church Vadakkummury | 16410 |
| 61. | St. Joseph's Church Manakkadu | 41000 |
| 62. | St. Mary's Forane Church Kidangoor | 113470 |
| 63. | St. Thomas Church Punnathura | 38730 |
| 64. | St. Mary's Church Koodalloor | 40550 |
| 65. | St. Peter & Paul Church Cherpunkal | 37000 |
| 66. | St. Mary's Church Cherukara | 102165 |
| 67. | St. George Church Mattakara | 55000 |
| 68. | St. Mary's Church Kattachira | 49000 |
| 69. | Sacred Heart Church Maridom | 15000 |
| 70. | Sacred Heart Forane Church Padamugham | 18650 |
| 71. | Mayaltha Matha Church Bison Vally | 20100 |
| 72. | Our Lady of Rosary Church Chakkupallam | |

| | | |
|---|---|---|
| 73. | St. Stephen's Church Kattappana | 10000 |
| 74. | St. Mary's Church N R City | 26400 |
| 75. | St. James Church Poothaly | 7701 |
| 76. | St. Polycarp Church Senapathy | 9660 |
| 77. | Fathima Matha Church Thadiyampad | 6000 |
| 78. | St. Joseph's Church Thellithode | 15700 |
| 79. | Holy Family Forane Church Rajapuram | 72200 |
| 80. | Infant Jesus Church Ayrote | 14000 |
| 81. | St. Mary's Church Chullikara | 46421 |
| 82. | Arogya Matha Church Kadaba | 11250 |
| 83. | St. Thomas Church Kallar | 45063 |
| 84. | St. Anne's Church Kottody | 25525 |
| 85. | Our Lady Lourd Church Malakkallu | 138700 |
| 86. | St. Stephen's Church Nelliyady | 11278 |
| 87. | St. George Church Odayamchal | 30300 |
| 88. | St. Stephen's Church Pookayam | 63230 |
| 89. | St. Mary's Church Ranipuram | 9400 |
| 90. | St. Stephen's Church Malom | 4100 |
| 91. | St. Mary's Chapal Ajkar | 7090 |
| 92. | Sacred Heart Church Kanjanghad | 14050 |
| 93. | Lourd Forane Church Madampam | 78850 |
| 94. | St. Joseph's Church Alex Nagar | 23860 |
| 95. | Assumption Church Arayangadu | |
| 96. | St. Stephen's Church Chamathachal | 48900 |
| 97. | St. Pius Xth Church Kanamvayal | 10895 |
| 98. | St. Mary's Church Kannoor | 20700 |
| 99. | St. Joseph's Church Kottoorvayal | |
| 100. | St. Joseph's Church Manjakkadu | 2550 |
| 101. | St. Thomas Church Mankuzhy | 3900 |
| 102. | St. Michael's Church Michaelgiri | 16695 |
| 103. | St. Joseph's Church Nuchiyad | |
| 104. | St. Jude Church Panniyal | 11100 |
| 105. | St. Anne's Church Payyavoor | 44850 |
| 106. | St. Sebastian's Church Kandakassery | 52980 |
| 107. | St. Stephen's Church Peringala | 10000 |
| 108. | St. Maxmilian Kolbe Church, Pothukuzhy | 8900 |
| 109. | St. Fransic Assissi Church Thiroor | 18000 |
| 110. | St. Mary's Church Kozhikode | 3000 |
| 111. | St. Thomas Forane Church Perikalloor | 30000 |

| | | |
|---|---|---|
| 112. | St. Stephen's Church, Channanakampara | 3650 |
| 113. | Sacred Heart Church Changaleri | 13600 |
| 114. | St. Michael's Church Mylampally(Changaleri Sub) | 10000 |
| 115. | Our Lady of Hope Church Chulliyode | 11000 |
| 116. | Christ the King Church Echome | 17210 |
| 117. | Sacred Heart Church Kanthalam | 7970 |
| 118. | Perpetual Succour Church Kappiset | 7550 |
| 119. | Matha Mariam Church Mangalagiri | 11420 |
| 120. | St. Stephen's Church Munderi | |
| 121. | St. Stephen's Church Pius Nagar | 9165 |
| 122. | Chirst the King Church Pulingal | |
| 123. | St. Thomas Church Puthussery | 14144 |
| 124. | St. Stephen's Church Attappady, Rajagiri | 24620 |
| 125. | St. Stephen's Church Thettamala | 27504 |
| 126. | Christ the King Church Amarambalam | 2950 |
| 127. | St. Peter's Church Kottathara | 6500 |
| 128. | St. Jude Church Christ Nagar | 16000 |
| 129. | Good Shepherd Church Chengalam | 8400 |
| 130. | St. John's Catholic Church Chingavanam | 56150 |
| 131. | St. Joseph's Church Eraviperoor | 4900 |
| 132. | St. Mary's Catholic Church Kattode | 5320 |
| 133. | St. Mary's Church Kallissery | 27800 |
| 134. | St. Mary's Catholic Church Kuttoor | 37750 |
| 135. | Little Flower Malankara Knanaya Catholic Church Othara | 6400 |
| 136. | St. Mary's Church Punaloor | 8150 |
| 137. | St. Mary's Malankara Catholic Church Ramamangalam | 5050 |
| 138. | St. Theresa's Catholic Church Ranni | |
| 139. | St. Mary's Church Thengely | 7800 |
| 140. | St. Fransic Assissi Church Thiruvanvandoor | 1950 |
| 141. | Sacred Heart Church Thuruthicad | 7050 |
| 142. | St. Pius X$^{th}$ Church Trivandrum | 24050 |
| 143. | St. Mary's Catholic Church, Vithura | 2500 |
| | **TOTAL** | **5020485** |

**ഡോ. ജോർജ്ജ് മാത്യു കക്കാട്ടിൽ**
സെക്രട്ടറി

# ഫാമിലി കമ്മീഷൻ

## വിവാഹ ഒരുക്ക സെമിനാർ

സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക സെമിനാർ സെപ്റ്റംബർ 6 മുതൽ 8 വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെട്ടു.

ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക സെമിനാർ ഒക്ടോബർ 11, 12, 13 തീയതികളിൽ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നതാണ്.

## വിവാഹ ഒരുക്ക കോഴ്സ് 2019

| മാസം | തീയതി |
|---|---|
| ജനുവരി | 1, 2, 3 |
| ഫെബ്രുവരി | 7, 8, 9 |
| ഏപ്രിൽ | 15, 16, 17 |
| മെയ് | 9, 10, 11 |
| ജൂൺ | 6, 7, 8 |
| ജൂലൈ | 11, 12, 13 |
| ആഗസ്റ്റ് | 8,9,10 |
| സെപ്റ്റംബർ | 12, 13, 14 |
| ഒക്ടോബർ | 10, 11, 12 |
| നവംബർ | 7, 8, 9 |
| ഡിസംബർ | 22, 23, 24 |

### ദമ്പതിസംഗമം

കുടുംബ ബന്ധങ്ങളെ സുശക്തമാക്കി ഹൃദയങ്ങളെ ദൈവസ്നേഹചൈതന്യത്തിൽ കോർത്തിണക്കി സമർപ്പണത്തിന്റെ ബലിവേദിയും ദൈവകരുണയുടെ കൂടാരങ്ങളുമായി കുടുംബങ്ങളെ വാർത്തെടുക്കുക, ദിവ്യകാരുണ്യസംസ്ക്കാരം കുടുംബങ്ങളിൽ വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ 2007 ജനുവരി 1 നും 2017 ഡിസംബർ 31 നും ഇടയിൽ വിവാഹിതരായ ദമ്പതികൾക്കായി കോട്ടയം അതിരൂപത ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ദമ്പതി സംഗമം സംഘടിപ്പിക്കുന്നു. 2018 ഒക്ടോബർ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 3 മണിവരെ കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിലാണ് സംഗമം സംഘടിപ്പിക്കുന്നത്.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# ലിറ്റർജി കമ്മീഷൻ

### പ്രാർത്ഥന പുസ്തകം

കൂടാരയോഗ പ്രാർത്ഥന സഹായി അച്ചടി പൂർത്തിയായി; വിതരണം ചെയ്തു വരുന്നു.

**ഫാ. മാത്യു കൊച്ചാദംപള്ളിൽ**
ചെയർമാൻ

# പയസ് അസോസിയേഷൻസ്

## ചെറുപുഷ്പ മിഷൻലീഗ്

### ജൂനിയർ ക്യാമ്പ്

ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 17, 18, 19 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് സീനിയർ

ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പ് ആദ്യ ദിവസം വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് അവസാന ദിവസം ഉച്ചക്ക് അവസാനിക്കുന്നതാണ്

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

ചെറുപുഷ്പ മിഷൻ ലീഗ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് ഒക്ടോബർ 19-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യയിൽ നടത്തപ്പെടുന്നു.

## മിഷൻ ഞായർ

ഒക്ടോബർ 28-ാം തീയതി മിഷൻ ഞായർ ആയി ആചരിക്കുന്നു. അന്നേ ദിവസം എല്ലാ ശാഖകളിലും ഭവനസന്ദർശനം, സെമിനാർ എന്നിവ നടത്തപ്പെടുന്നു.

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ചെയർമാൻ

# കെ. സി. വൈ.എൽ.

## നേതൃത്വ പരിശീലന ക്യാമ്പ്

കെ.സി.വൈ.എൽ അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 20, 21, 22 തീയതികളിൽ കടുത്തുരുത്തി, പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ വച്ച് അതിരൂപതയിലെ യുവജനങ്ങൾക്കായി നേതൃത്വ പരിശീലന ക്യാമ്പ് നടത്തി. വിവിധ ഇടവകകളിൽ നിന്നായി 86 അംഗങ്ങൾ പങ്കെടുത്തു.

## അനുമോദന സമ്മേളനം

കേരളത്തെ കണ്ണീരിലാഴ്ത്തിയ പ്രളയകെടുതിയിൽ കൈതാങ്ങായി മാറിയ കെ.സി.വൈ.എൽ അംഗങ്ങളെ അനുമോദിക്കുന്നതിനായി സെപ്റ്റംബർ 22-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ അനുമോദന സമ്മേളനം നടത്തി. അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

## കൺസൾട്ടേഷൻ മീറ്റിംഗ്

കെ.സി.വൈ.എൽ ന്റെ സുവർണ്ണ ജൂബിലിയ്ക്ക് മുന്നൊരുക്കമായി സെപ്റ്റംബർ 23-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ചൈതന്യയിൽ വച്ച് അതിരൂപത മുൻഭാരവാഹികളുടെ കൺസൾട്ടേഷൻ മീറ്റിംഗ് നടത്തി.

## ദീപശിഖ പ്രയാണം/വിളംബരജാഥ

കെ.സി.വൈ.എൽ ന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് മുന്നോടിയായി 2018 ഒക്ടോബർ 13-ാം തീയതി രാവിലെ 11 മണിക്ക് കൊടുങ്ങല്ലൂരുള്ള ക്നാനായ ഭവനിൽ നിന്ന് കടുത്തുരുത്തിയിലേക്ക് ദീപശിഖ പ്രയാണം നടത്തുന്നു.

**റ്റിജിൻ ചേന്നാത്ത്**
സെക്രട്ടറി

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

## വികസന പാതയിൽ വരുംദിനങ്ങളിൽ

### വയോജനദിനാഘോഷം ചൈതന്യയിൽ

അന്താരാഷ്ട്ര വയോജന ദിനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ വയോജനദിനാഘോഷം സംഘടിപ്പിക്കുന്നു. വൃദ്ധജനങ്ങളുടെ സന്തോഷത്തിനും അനുഭവം പങ്കുവയ്ക്കലിനും അവസരമൊരുക്കുന്നതോടൊപ്പം അവരുടെ അവകാശങ്ങളെ സമൂഹമദ്ധ്യത്തിൽ ഉയർത്തിക്കാട്ടി വയോജനസൗഹാർദ്ദ സമൂഹത്തെ പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ ഒക്ടോബർ മാസത്തിൽ ചൈതന്യയിലാണ് വയോജനദിനാഘോഷം സംഘടിപ്പിക്കുന്നത്. വയോജന ദിനാഘോഷത്തോടനു ബന്ധിച്ച് സെമിനാർ, കലാപരിപാടികൾ, മത്സരങ്ങൾ,അനുഭവം പങ്കുവയ്ക്കൽ, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

## മൽസ്യകൃഷി പരിശീലനവും മത്സ്യ കുഞ്ഞുങ്ങളുടെ വിതരണവും

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ ഭക്ഷ്യ സുരക്ഷ പ്രവർത്തനങ്ങളുടെ ഭാഗമായി മൽസ്യകൃഷി പരിശീലനവും മത്സ്യ കുഞ്ഞുങ്ങളുടെ വിതരണവും നടത്തുന്നു. ഒക്ടോബർ മാസത്തിൽ ചൈതന്യയിലാണ് പരിശീലനവും മത്സ്യ കുഞ്ഞുങ്ങളുടെ വിതരണവും സംഘടിപ്പിച്ചിരിക്കുന്നത്. കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 100 പേർക്കായാണ് പരിശീലന പരിപാടി ക്രമീകരിച്ചിരിക്കുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് കട്ല, രോഹു, ഗ്രാസ്കാർപ്പ് എന്നീ ഇനത്തിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതാണ്.

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## കുട്ടനാടിന്റെ അതിജീവനത്തിന് കൈത്താങ്ങൊരുക്കി കെ.എസ്.എസ്.എസ്

പ്രളയം വിഴുങ്ങിയ കുട്ടാനാടിന്റെ അതിജീവനത്തിന് സഹായഹസ്തമൊരുക്കി അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. തമിഴ്നാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്ലസ് എന്ന സംഘടനയുമായി സഹകരിച്ച് ആലപ്പുഴ ജില്ലയിലെ വെളിയനാട് പ്രദേശത്തെ 50 കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനായി പതിനായിരം രൂപാ വീതം കെ.എസ്.എസ്.എസ് ലഭ്യമാക്കി. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, വെളിയനാട് സെന്റ് മൈക്കിൾസ് ചർച്ച് വികാരി ഫാ. മാത്യു കണ്ണാല, ബ്ലസ് സംഘടനാ ഭാരവാഹികളായ ബ്ലസ് ആന്റണി, നരസിംഹ റെഡ്ഡി, അരുൾ ജോ, സാമൂഹ്യ പ്രവർത്തകരായ ആനി തോമസ്, ലീന സിബിച്ചൻ എന്നിവർ സന്നിഹിതരായിരുന്നു.

## ഭിന്നശേഷിയുള്ള കുട്ടികൾക്ക് കിറ്റുകൾ വിതരണം ചെയ്തു

പ്രളയ ദുരന്തമനുഭവിച്ച ഭിന്നശേഷിയുള്ള കുട്ടികൾക്ക് അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഹാബിറ്റാറ്റ് ഫോർ

ഹ്യുമാനിറ്റിയുടെ സഹകരണത്തോടെ കിറ്റുകൾ വിതരണം ചെയ്തു. കോട്ടയം ജില്ലയിലെ കുമരകത്തെ ഭിന്നശേഷിയുള്ള കുട്ടികൾക്കായാണ് കിറ്റുകൾ വിതരണം ചെയ്തത്. വസ്ത്രങ്ങൾ, ശുചീകരണ വസ്തുക്കൾ, ബിസ്ക്കറ്റ്, സോപ്പ്, ബ്രഷ്, പേസ്റ്റ്, പൗഡർ എന്നിവയടങ്ങുന്ന കിറ്റുകളാണ് വിതരണം ചെയ്തത്. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കെ.എസ്.എസ്.എസ് അനിമേറ്റേഴ്സ്, കോർഡിനേറ്റേഴ്സ്, സ്വാശ്രയ സന്നദ്ധ പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

## കുടിവെള്ള ശുചീകരണ യൂണിറ്റുകൾ വിതരണം ചെയ്തു

അതിരൂക്ഷമായ പ്രളയത്തെ തുടർന്ന് ശുദ്ധജല ദൗർലഭ്യത നേരിടുന്ന പ്രദേശത്തെ ആളുകൾക്ക് അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കുടിവെള്ള ശുചീകരണ യൂണിറ്റുകൾ വിതരണം ചെയ്തു. കോട്ടയം ജില്ലയിലെ ഒളശ്ശ ഗ്രാമത്തിലെ 15ഓളം കുടുംബങ്ങൾക്കാണ് കുടിവെള്ള ശുചീകരണ യൂണിറ്റുകൾ ലഭ്യമാക്കിയത്. യൂണിറ്റുകളുടെ വിതരണം കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ  നിർവ്വഹിച്ചു.

## മഴക്കെടുതികൾ നേരിട്ടവർക്ക് സഹായ ഹസ്തമൊരുക്കി കെ. എസ്. എസ്. എസ്

മഴക്കെടുതി നേരിട്ട കോട്ടയം ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ ആളുകൾക്ക് സഹായ ഹസ്തമൊരുക്കി അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. തമിഴ്നാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്ലസ് എന്ന സംഘടനയുമായി സഹകരിച്ചാണ്  ജില്ലയിലെ ചേർപ്പുങ്കൽ, ചെറുകര, ഏറ്റുമാനൂർ, കട്ടച്ചിറ, കിടങ്ങൂർ, കൂടല്ലൂർ, മാറിടം, മറ്റക്കര, നീറിക്കാട്, പുന്നത്തുറ എന്നീ  സ്ഥലങ്ങളിലെ പ്രളയദുരിതം നേരിട്ട കുടുംബങ്ങൾക്ക് കെ.എസ്.എസ്.എസ് സഹായം ലഭ്യമാക്കിയത്. വസ്ത്രങ്ങൾ, ശുചീകരണ വസ്തുക്കൾ, കൊതുകുവല, പാലപ്പ ചട്ടി, ദോശക്കല്ല്, ചീനച്ചട്ടി, സ്റ്റീൽ പാത്രം, ഗ്ലാസ്സ്, തവി, പായ, സോപ്പ്, ബ്രഷ്, പേസ്റ്റ്, പൗഡർ എന്നിവ അടങ്ങുന്ന കിറ്റാണ് ലഭ്യമാക്കിയത്.

കിറ്റുകളുടെ വിതരണം കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ നിർവ്വഹിച്ചു.

## കുടിവെള്ള ശുചീകരണത്തിനായി പോർട്ടബിൾ ഹൈടെക് യൂണിറ്റ് ലഭ്യമാക്കി

അതിരൂക്ഷമായ പ്രളയത്തെ തുടർന്ന് ശുദ്ധജല ദൗർലഭ്യത നേരിടുന്ന പ്രദേശത്തെ ആളുകൾക്ക് സഹായഹസ്തമൊരുക്കുക എന്ന ലക്ഷ്യത്തോടെ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പോർട്ടബിൾ ഹൈടെക് കുടിവെള്ള യൂണിറ്റ് ലഭ്യ മാക്കി. ജെർമൻ മെഡിക്കൽ എയ്ഡ് ഓർഗനൈസേഷന്റെയും അന്തേരി ഹിൽഫെ ബോണിന്റെയും സഹകരണത്തോടെ കോട്ടയം ജില്ലയിലെ കുമരകത്താണ് യൂണിറ്റ് ലഭ്യമാക്കിയത്. വൈദ്യുതി യുടെയോ കെമിക്കൽസിന്റെയോ ആവശ്യമില്ലാതെ പ്രതിദിനം 1200 ലിറ്റർ വെള്ളം ശുചീകരിക്കാവുന്ന പോർട്ടബിൾ യൂണിറ്റാണ് പ്രദേശത്ത് കെ.എസ്.എസ്.എസ് സൗജന്യമായി ലഭ്യമാക്കിയത്. യൂണിറ്റിന്റെ വിതരണം കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ നിർവ്വഹിച്ചു.

## ഗ്രാമീണ യുവജനങ്ങൾക്ക് തൊഴിൽ അവസരം ഒരുക്കി കെ.എസ്.എസ്.എസ് ദിൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY) പദ്ധതി

ഗ്രാമീണ യുവജനങ്ങൾക്ക് ശാസ്ത്രീയമായ തൊഴിൽ പരിശീല നത്തോടൊപ്പം തൊഴിൽ അവസരവും ഒരുക്കി കെ.എസ്.എസ്.എസ് ദിൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY) പദ്ധതി. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും കുടുംബശ്രീ മിഷന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി സെയിൽസ് പേഴ്സൺ (റീട്ടെയിൽ) , അക്കൗണ്ട് അസിസ്റ്റന്റ് എന്നീ കോഴ്സുകളുടെ ആദ്യ ബാച്ചാണ് പരിശീലനം പൂർത്തിയാക്കിയത്. സെയിൽസ് പേഴ്സൺ (റീട്ടെയിൽ) പരിശീലനം പൂർത്തിയാക്കിയ 26 കുട്ടികൾക്കും അക്കൗണ്ട് അസിസ്റ്റന്റ് കോഴ്സിൽ പരിശീലനം പൂർത്തിയാക്കിയ

18 കുട്ടികൾക്കും വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാക്കുവാനും കെ.എസ്.എസ്.എസിന് സാധിച്ചു. പ്രസ്തുത കോഴ്സുകളുടെ രണ്ടാം ഘട്ട ബാച്ചിന്റെ പരിശീലനം വിജയകരമായി നടന്നുവരുന്നു. പാലാ ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ സെന്ററിലാണ് പരിശീലനം നടത്തപ്പെടുന്നത്. മൂന്നു മാസം ദൈർഘ്യമുള്ള കോഴ്സുകൾ തികച്ചും സൗജന്യമായിരിക്കും. പരിശീലനം പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.റ്റി സർട്ടിഫിക്കറ്റും ലഭ്യമാക്കും.

## പ്രളയബാധിതർക്ക് ആരോഗ്യസുരക്ഷ ഒരുക്കി കെ.എസ്.എസ്.എസ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു

പ്രളയക്കെടുതികൾ നേരിട്ട കോട്ടയം ജില്ലയിലെ വിവിധ ഗ്രാമങ്ങളിൽ കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരോഗ്യസുരക്ഷ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇൻഡ്യയുടെയും സിസ്റ്റർ ഡോക്ടേഴ്സ് ഫോറം ഓഫ് ഇൻഡ്യയുടെയും സിബിഎംന്റെയും സഹകരണത്തോടെയാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. സെപ്റ്റംബർ 17-ാം തീയതി സംക്രാന്തി സെന്റ് മേരീസ് യാക്കോബായ ചർച്ച് പാരീഷ് ഹാളിലും 18-ാം തീയതി പാലത്തുരുത്ത് സെന്റ് തെരേസാസ് ചർച്ച് പാരീഷ് ഹാളിലും 19-ാം തീയതി കുമരകം സെന്റ് ജോൺസ് വള്ളാറപ്പള്ളി പാരീഷ് ഹാളിലും 20-ാം തീയതി പേരൂർ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാരീഷ് ഹാളിലും 21-ാം തീയതി കടുത്തുരുത്തി സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിലും 22-ാം തീയതി പഴയ കല്ലറ സെന്റ് തോമസ് ചർച്ച് പാരീഷ് ഹാളിലുമാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. ക്യാമ്പിനോടനുബന്ധിച്ച് വിദഗ്ദ്ധ ഡോക്ടർമ്മാരുടെ നേതൃത്വത്തിൽ പരിശോധനയും സൗജന്യ മരുന്നു വിതരണവും ക്രമീകരിച്ചിരുന്നു. ആയിരത്തിനാനൂറോളം ആളുകൾ ക്യാമ്പിന്റെ സേവനം പ്രയോജനപ്പെടുത്തി.

## കെ.എസ്.എസ്.എസ് സ്കൂൾ ഔഷധ ഉദ്യാനം പദ്ധതിയ്ക്ക് തുടക്കമായി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പരിസ്ഥിതി ആരോ

ഗ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ഔഷധ സസ്യ ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന സ്കൂൾ ഔഷധ ഉദ്യാനം പദ്ധതിയ്ക്ക് എസ്.എച്ച് മൗണ്ട് സെക്രട്ട് ഹാർട്ട് ഹൈസ്കൂളിലും, അരീക്കര സെന്റ് റോക്കീസ് യു.പി സ്കൂളിലും ഉഴവൂർ ഒ.എൽ.എൽ ഹയർ സെക്കൻഡറി സ്കൂളിലും പുന്നത്തുറ സെന്റ് തോമസ് ഹൈസ്കൂളിലും തുടക്കമായി. പദ്ധതിയുടെ ഭാഗ മായി സ്കൂളുകളിൽ കരിനെച്ചി, മുറികൂട്ടി, രാമച്ചം, വിഷപ്പച്ച. ഇൻസു ലിൻ ചെടി, ഉമ്മം, ആര്യവേപ്പ്, രക്തചന്ദനം, നെല്ലി, നീർമരുത്, ആരോ ഗ്യ പച്ച, കർപ്പൂര തുളസി, കറ്റാർ വാഴ, ചിറ്റാടലോടകം, ബ്രഹ്മി, വാതം കൊല്ലി, കുടങ്ങൽ, ആനച്ചുവടി, താന്നി, കൂവളം, ഇലഞ്ഞി, പലകപ യ്യാനി, സർവ്വ സുഗന്ധി, ലക്ഷ്മിത്തരു, മുള്ളാത്ത, കണിക്കൊന്ന, തി പ്പലി, ഗ്രാമ്പു, അകിൽ, കറുവ, ഏനായകം, ഉങ്ങ്, കരിംങ്കോത, ബുഷ് പെപ്പർ തുടങ്ങിയ എൺപതിൽപ്പരം ഔഷധ സസ്യങ്ങൾ ഉൾപ്പെടു ത്തിയാണ് ഔഷധ ഉദ്യാനം ക്രമീകരിച്ചിരിക്കുന്നത്. എസ്.എച്ച് മൗണ്ട് സെക്രട്ട് ഹാർട്ട് ഹൈസ്കൂളിൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൾ ജെസ്സി മൈക്കിൾ, ഹെഡ്മാസ്റ്റർ മാത്യുസ് ജെറി എന്നിവരും അരീക്കര സെന്റ് റോക്കീസ് യു.പി സ്കൂളിൽ ഫാ. ജോർജ്ജ് കപ്പുകാലായിൽ, ഹെഡ് മിസ്ട്രസ് സിസ്റ്റർ ഷീബാ എന്നിവരും ഉഴവൂർ ഒ.എൽ.എൽ ഹയർ സെക്കൻഡറി സ്കൂളിൽ ഉഴ വൂർ ഫൊറോന വികാരിയും സ്കൂൾ മാനേജരുമായ റവ. ഫാ. തോമസ് പ്രാലേലും പുന്നത്തുറ സെന്റ് തോമസ് ഹൈസ്കൂളിൽ സ്കൂൾ മാനേജർ സിസ്റ്റർ ഓസിയ, ഹെഡ്മിസ്ട്രസ് സിസ്റ്റർ ഐമി, മറ്റ് അദ്ധ്യാപകർ എന്നിവരും സന്നിഹിതരായിരുന്നു. കോട്ടയം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 12 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

## ശുചീകരണ പ്രവർത്തനങ്ങളും കിറ്റ് വിതരണവും നടത്തി

അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോ ഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ദുരന്ത പുനര ധിവാസ പ്രവർത്തനങ്ങളിൽ അന്തർ ദേശീയ തലത്തിൽ പ്രവർത്തി ക്കുന്ന ഒക്സ്ഫാമുമായി സഹകരിച്ച് ശുചീകരണ പ്രവർത്തനങ്ങളും വീട്ട് ഉപകരണ കിറ്റ് വിതരണവും നടത്തി. ചെങ്ങന്നൂർ പണ്ടനാട് മേഖലയിലെ 600റോളം കുടുംബങ്ങൾക്കാണ് ടാർപോളിൻ, ബക്കറ്റ്,

കപ്പ്, സാനിട്ടറി പാട്, ഒ.ആർ.എസ് ലായനി, ലോഷൻ, ചീപ്പ്, സോപ്പ്, നഖം വെട്ടി, മരുന്നുകൾ എന്നിവ അടങ്ങുന്ന കിറ്റ് ലഭ്യമാക്കിയത്. കൂടാതെ പ്രദേശത്തെ 29തോളം കിണറുകളും ശുചീകരിച്ചു. കെ.എ സ്.എസ്.എസ് സന്നദ്ധ പ്രവർത്തകരും പഞ്ചായത്ത് പ്രതിനിധികളും ഓക്സ്ഫാം പ്രതിനിധികളും നേതൃത്വം നൽകി. വരും ദിനങ്ങളിൽ ഒക്സ്ഫാമുമായി സഹകരിച്ച കൂടുതൽ പുനരധിവാസ പ്രവർത്തന ങ്ങൾ നടത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ് കെ.എസ്.എസ്.എസ്.

## വെളിയനാട് നിവാസികൾക്ക് ഭക്ഷണകിറ്റും അവശ്യസാധനങ്ങളും ലഭ്യമാക്കി

പ്രളയക്കെടുതി നേരിട്ട ആലപ്പുഴ ജില്ലയിലെ വെളിയനാട് നിവാസികൾക്ക് ഭക്ഷണകിറ്റും അവശ്യസാധനങ്ങളും അതിരൂപത യുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ലഭ്യമാക്കി. അരി, പഞ്ചസാര, തേയിലപ്പൊടി, പയർ, തുണിത്തരങ്ങൾ, സോപ്പ്, പെയ്സ്റ്റ്, ബ്രഷ്, ബിസ്ക്കറ്റ് തുടങ്ങിയവയാണ് കെ.എസ്.എസ്.എസിന്റെ നേതൃത്വ ത്തിൽ വെളിയനാട് പ്രദേശത്തെ കുടുംബങ്ങൾക്കായി ലഭ്യമാക്കി യത്. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, വെളിയനാട് സെന്റ് മൈക്കിൾസ് ചർച്ച് വികാരി ഫാ. മാത്യു കണ്ണാല, സന്നദ്ധ പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി. കെ.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരെ സംഘടിപ്പിച്ചു കൊണ്ട് ശുചീകരണ പ്രവർത്തനങ്ങളും പ്രദേശത്ത് നടപ്പിലാ ക്കിവരുന്നു.

## കൊശമറ്റം, ചാന്നാനിക്കാട് നിവാസികൾക്ക് സഹായ ഹസ്തമൊരുക്കി കെ. എസ്. എസ്. എസ്

പ്രളയ കെടുതി നേരിടേണ്ടി വന്ന കോട്ടയം ജില്ലയിലെ കൊശമറ്റം, ചാന്നാനിക്കാട് പ്രദേശത്തെ ആളുകൾക്ക് സഹായഹസ്ത മൊരുക്കി കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. തമിഴ്നാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്ലസ് എന്ന സംഘടനയുമായി സഹകരിച്ചാണ് പ്രദേശത്തെ ആളുകൾക്ക് കെ.എസ്.എസ്.എസ് സഹായഹ

സ്തമൊരുക്കിയത്. സ്റ്റീൽ പാത്രങ്ങൾ, പായ, സാനിറ്ററി കിറ്റ്, ബക്കറ്റ്, പാലപ്പച്ചട്ടി, ബാഗ്, തുണിത്തരങ്ങൾ, എന്നിവ അടങ്ങുന്ന കിറ്റാണ് ലഭ്യമാക്കിയത്. കിറ്റുകളുടെ വിതരണോ ദ്ഘാടനം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ നിർവ്വഹിച്ചു. വിജയപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സിസി ബോബി, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, ബ്ലസ് സംഘടനാ ഭാരവാഹികളായ ബ്ലസ് ആന്റണി, നരസിംഹ റെഡ്ഡി, അരുൾ ജോ, വിജയപുരം ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ഗീത സുധാകരൻ, ജോർജ്ജ് എം. ഫിലിപ്പ് എന്നിവർ സന്നിഹി തരായിരുന്നു. പ്രദേശത്തെ 255 പ്രളയബാധിത കുടുംബങ്ങൾക്കാണ് കെ.എസ്. എസ്.എസും ബ്ലസ് സംഘടനയും സംയുക്തമായി സഹായം ഒരുക്കിയത്.

## പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയ്ക്ക് കോട്ടയം പൗരാവലിയുടെ ആദരവ്

കേരളത്തിൽ ഉണ്ടായ അതിരൂക്ഷമായ പ്രളയ പശ്ചാത്തലത്തിൽ സുത്യർഹമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയ്ക്ക് കോട്ടയം പൗ രാവലിയുടെ ആദരവ് ലഭിച്ചു. കോട്ടയത്ത് സംഘടിപ്പിച്ച ചടങ്ങിൽ കേരള ധനകാര്യ വകുപ്പ് മന്ത്രി ടി.എം തോമസ് ഐസക്കിൽ നിന്നും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയ്ക്ക് വേണ്ടി അസി. സെക്രട്ടറി ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ ആദരവ് ഏറ്റു വാങ്ങി. മുൻകേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, തിരുവഞ്ചൂർ രാധാ കൃഷ്ണൻ എം.എൽ.എ, വി.എൻ. വാസവൻ എക്സ്. എം.എൽ.എ, അഡ്വ. വി.ബി ബിനു തുടങ്ങി മത സാമൂഹ്യ രാഷ്ട്രീയ സാംസ് കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്തു. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രളയദിനങ്ങളിൽ 321 പേർക്കാണ് ചൈതന്യയിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നത്. ക്യാമ്പിൽ ആളുകൾക്ക് ഭക്ഷണം, വസ്ത്രം, മരുന്നുകൾ, ശുചീക രണ വസ്തുക്കൾ എന്നിവ ലഭ്യമാക്കി. കൂടാതെ ഹെൽത്ത് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പും സംഘടിപ്പി

ച്ചു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ചൈതന്യയിൽ തുറന്ന റിലീഫ് കളക്ഷൻ സെന്റർ മുഖാന്തരം കടുത്ത പ്രളയ ദുരന്തമേഖല കളിലേയ്ക്കും സമീപപ്രദേശങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളി ലേയ്ക്കും ഭക്ഷണം, വസ്ത്രം, ഭക്ഷണകിറ്റുകൾ, കുടിവെള്ളം, ശുചീ കരണ വസ്തുക്കൾ, സാനിറ്ററി കിറ്റുകൾ എന്നിവ ലഭ്യമാക്കി. പ്രള യദിനങ്ങളിൽ പ്രതിദിനം അയ്യായിരത്തോളം ഭക്ഷണപൊതി (പൊ തിച്ചോറ്) യാണ് വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലും പ്രളയപ്രദേ ശങ്ങളിലുമായി ലഭ്യമാക്കിയത്. വെള്ളം ഇറങ്ങി ക്യാമ്പുകളിൽ നിന്ന് വീടുകളിലേയ്ക്ക് തിരികെ പോയവർക്ക് ഭക്ഷണകിറ്റും ശുചീകരണ കിറ്റും വസ്ത്രങ്ങളും കെ.എസ്.എസ്.എസ് ലഭ്യമാക്കി. ഒപ്പം സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്ത നങ്ങളും നടത്തി. കൂടാതെ വിവിധ സംഘടനകളും ഏജൻസികളുമായി സ ഹകരിച്ച് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, കുടി വെള്ള ശുചീകരണ യൂണിറ്റുകൾ, ആരോഗ്യ സുരക്ഷ മെഡിക്കൽ ക്യാമ്പുകൾ, ഫുഡ് കിറ്റുകൾ, വീട്ടുപകരണ കിറ്റുകൾ തുടങ്ങിയവ ലഭ്യമാക്കിവരുന്നു.

## ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു

പ്രളയ ദുരന്തമനുഭവിച്ച പ്രദേശത്തെ ആളുകൾക്ക് അതിരൂപ തയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. പിറവം, നീറിക്കാട്, ഏറ്റുമാനൂർ, പുന്നത്തുറ, കട്ടച്ചിറ, വെളിയനാട്, പാച്ചിറ, സംക്രാന്തി, മള്ളൂശ്ശേരി, കണ്ണങ്കര, ചെങ്ങളം, വെച്ചൂർ, പേരൂർ, കുമരകം, പഴയ കല്ലറ, പുതിയ കല്ലറ, മാന്നാനം എന്നീ സ്ഥലങ്ങളിലും കെ.എസ്.എസ്.എസ് സമൂഹാ ധിഷ്ഠിത പുനരധിവാസ പദ്ധതി അംഗങ്ങൾക്കുമായാണ് കിറ്റുകൾ വിതരണം ചെയ്തത്. അരി, പഞ്ചസാര, തേയിലപൊടി, പയർ എന്നിവയടങ്ങുന്ന കിറ്റുകളാണ് വിതരണം ചെയ്തത്. കെ.എസ്. എസ്.എസ് ഗ്രാമവികസന സമിതി പ്രസിഡന്റുമാരായ ഫാ. ഷാജി മുകളേൽ, ഫാ. ഷിജോ കുഴിപ്പിള്ളിൽ, ഫാ. മാത്യു മണക്കാട്, ഫാ. മാത്യു ഏറ്റിയപ്പള്ളി, ഫാ. മാത്യു കണ്ണാല, ഫാ. സജി കൊച്ചു പറമ്പിൽ, ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, ഫാ. സൈജു പുത്തൻപറമ്പിൽ, ഫാ. റെജി കൊച്ചുപറമ്പിൽ, ഫാ. ജെയിംസ്

പൊങ്ങാനയിൽ, ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങൾ, കെ.എസ്.എസ്.എസ് അനിമേറ്റേഴ്സ്, കോർഡിനേറ്റേഴ്സ്, സ്വാശ്രയ സന്നദ്ധ പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

## ബക്കറ്റുകൾ വിതരണം ചെയ്തു

പ്രളയബാധിതർക്ക് കൈതാങ്ങ് ഒരുക്കുന്നതിന്റെ ഭാഗമായി അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ രാമമംഗല സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിലേയ്ക്കും സെന്റ് തോമസ് ക്നാനായ കത്തോലിക്ക ഇടവകയിലേയ്ക്കുമായി ബക്കറ്റുകൾ ലഭ്യമാക്കി. നൂറോളം കുടുംബങ്ങൾക്കായാണ് ബക്കറ്റുകളും മഗ്ഗുകളും ലഭ്യമാക്കിയത് കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂരിൽ നിന്നും ഇടവക വികാരി ഫാ. എബ്രാഹം പുതുക്കുളത്തിലും ഇടവകാംഗങ്ങളും ചേർന്ന് ബക്കറ്റുകൾ ഏറ്റുവാങ്ങി. വിവിധ സംഘടനകളും ഏജൻസികളുമായി സഹകരിച്ച് കൂടുതൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ് കെ.എസ്.എസ്.എസ്.

## കർഷക കൂട്ടായ്മ നേതൃസംഗമം സംഘടിപ്പിച്ചു

അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കർഷക കൂട്ടായ്മ നേതൃസംഗമം സംഘടിപ്പിച്ചു. ചേർപ്പുങ്കൽ കല്ലൂർ പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സമരിറ്റൻ റിസോഴ്സ് സെന്റർ ജോയിന്റ് ഡയറക്ടറും ചേർപ്പുങ്കൽ ഗ്രാമവികസന സമിതി പ്രസിഡന്റുമായ ഫാ. ജെയിംസ് വടക്കേക്കണ്ടങ്കരിയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. പുരുഷ കർഷക കൂട്ടായ്മ മേഖല പ്രസിഡന്റ് ജോൺ മാവേലിൽ സാമൂഹ്യ പ്രവർത്തകരായ ബെസ്സി ജോസ്, ബിജി ജോസ്, റെജി ബാറ്റൺ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് മാതൃകാ കർഷകരെ ആദരിക്കലും കൃഷി ഓഫീസുമായി സഹകരിച്ചുള്ള പച്ചക്കറി വിത്തുകളുടെ വിതരണവും നടത്തപ്പെട്ടു. സംഗമത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് കുമരകം ഗവേഷണ കേന്ദ്രം റിട്ട. പ്ലാന്റ് പതോള

ജിസ്റ്റ് ഡോ. എ.വി. മാത്യു നേതൃത്വം നൽകി. കെ.എസ്.എസ്.എസ് കിടങ്ങൂർ മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സംഗമത്തിൽ നൂറോളം കർഷക പ്രതിനിധികൾ പങ്കെടുത്തു. ഗ്രാമതല അനിമേറ്റേഴ്സ് പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്വൽ സർവ്വീസ് സൊസൈറ്റി

## അറിഞ്ഞും അറിയിച്ചും പ്രവർത്തിക്കുക

## മാർ ജോസഫ് പണ്ടാരശ്ശേരിൽ

കണ്ണൂർ: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റി മാർ.ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ശ്രീപുരം പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുകയുണ്ടായി. യോഗത്തിൽ മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് സൊസൈറ്റിയുടെ നിലവിലുള്ള പദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും കേരളത്തിലുണ്ടായ വെള്ളപ്പൊക്ക ദുരിതങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും വയനാട്, കണ്ണൂർ ജില്ലകളിലുണ്ടായ രൂക്ഷമായ കാലവർഷക്കെടുതിയിൽ വീടുകൾ നഷ്ടപ്പെട്ടവരേയും, കൃഷി സ്ഥലങ്ങളും-കൃഷിയും നഷ്ടപ്പെട്ടവരേയും സഹായിക്കേണ്ടത് നമ്മുടെ കടമയാണെന്നും ഇതിനായി പരമാവധി ഗവൺമെന്റ് സഹായങ്ങൾ അർഹതപ്പെട്ടവർക്ക് എത്തിക്കുവാൻ നാം അറിഞ്ഞും, അറിയിച്ചും പ്രവർത്തിക്കേണ്ട സമയമാണെന്നും മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവ് പറയുകയുണ്ടായി. ദുരിതാ ശ്വാസ പ്രവർത്തനങ്ങളിൽ അതിരൂപതയോട് ചേർന്ന്നിന്ന് പ്രവർത്തിക്കാനും, യോഗത്തിൽ തീരുമാനമായി. ഇരുപത്തിയഞ്ച് വർഷത്തെ സൊസൈറ്റി വിവിധങ്ങളായ പ്രവർത്തനങ്ങൾ അജണ്ട യിൽ എത്തിക്കുവാൻ ഉതകുന്ന ക്രമീകരണങ്ങൾ ഉണ്ടാവണമെന്നും, മാസ്സിന്റെ സംഘടിത പ്രവർത്തനം മലബാറിൽ അനവധി നന്മകൾ

ഉണ്ടായിട്ടുണ്ടെന്നും ഇതിനായി പ്രവർത്തിച്ച മുൻകാലങ്ങളിലെ ബഹുമാനപ്പെട്ട സെക്രട്ടറി അച്ചന്മാരേയും ഇപ്പോഴത്തെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ബഹു. ബിബിൻ കണ്ടോത്ത് അച്ചനേയും, സ്റ്റാഫ് അംഗങ്ങളേയും യോഗം പ്രത്യേകം അനുമോദിക്കുകയുണ്ടായി. യോഗത്തിൽ ശ്രീപുരം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ജോസ് നെടുങ്ങാട്, ആശംസ പ്രസംഗം നടത്തി. റവ. ഫാ. ലൂക്ക് പുതൃകയിൽ, റവ. ഫാ. ഷാജി വടക്കേതൊട്ടിയിൽ, കാരിത്താസ് സെന്റ് ജോസഫ്സ്, വിസിറ്റേഷൻ സന്യാസിനി സമൂഹത്തിന്റെ റീജിയണൽ സുപ്പീരിയേഴ്സ് മറ്റ് എക്സിക്യൂട്ടിവ് പ്രതിനിധികൾ പങ്കെടുത്തു. യോഗത്തിൽ മാസ്സ് സ്റ്റാഫംഗങ്ങളെ പരിചയപ്പെടുത്തു കയുണ്ടായി. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ നന്ദി രേഖപ്പെടുത്തി.

## തിരുഹൃദയസ്നേഹതീർത്ഥം പദ്ധതി

കോട്ടയം കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സിസ്റ്റേഴ്സുമായി സഹകരിച്ചുകൊണ്ട് മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി മടമ്പം മേഖലയിൽപ്പെട്ട വിവിധ ഇടവകകളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും, പഠനത്തിൽ മികവ് പുലർത്തുന്നവരുമായ തൊഴിലധിഷ്ടിത കോഴ്സ് പഠിക്കുന്ന കുട്ടികൾക്ക് പലിശരഹിത വിദ്യാഭ്യാസ വായ്പ്പ ലഭ്യമാക്കുന്നു. കുട്ടികൾ പഠനം പൂർത്തിയാക്കിയശേഷം തങ്ങൾക്ക് ലഭിച്ച വായ്പ്പ തുക തിരികെ നൽകുന്ന തരത്തിലാണ് പദ്ധതി ക്രമീകരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം  മടമ്പം ലൂർദ്ദ് മാതാ പാരിഷ് ഹാളിൽ ഫൊറോന വികാരി റവ. ഫാ. ലൂക്ക് പൂതൃക്കയിൽ നിർവ്വഹിച്ചു. മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് സ്വാഗതം പറഞ്ഞു. കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സോഷ്യൽ വർക്ക് ജനറൽ കൗൺസിലർ സി. ലിസി ജോൺ അദ്ധ്യക്ഷത വഹിച്ചു. പയ്യാവ്വൂർ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം സെക്രട്ടറി സി. സോണിയ നന്ദി പറഞ്ഞു. 5 വർഷത്തേക്ക് രാജപുരം, മടമ്പം മേഖലകളിലെ വിദ്യാഭ്യാസ സഹായമായി 45 ലക്ഷം രൂപയാണ് കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് നൽകുക. പ്രോഗ്രാമിന് മാസ്സ് കോ-ഓർഡിനേറ്റർ റെനി സിബി നേതൃത്വം നൽകി.

## ദുരിതാശ്വാസകിറ്റ് വിതരണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യ യുടെ സഹകരണത്തോടെ വയനാട് ജില്ലയിലെ വെള്ളപ്പൊക്കമൂലം ദുരിതം വിതച്ച പുളിഞ്ഞാൽ, പുതുശ്ശേരി, തേറ്റമല, ഏച്ചോം, കോട്ട ത്തറ, മാനന്തവാടി, പെരിക്കല്ലൂർ, കാപ്പിസെറ്റ്, പയസ്നഗർ, ക്രൈസ്റ്റ് നഗർ എന്നിവിടങ്ങളിലെ നാനാജാതിമതസ്ഥരായ 500 കുടുംബ ങ്ങൾക്ക് ദുരിതാശ്വാസ കിറ്റുകൾ വിതരണം ചെയ്തു. വസ്ത്രങ്ങൾ, വീട്ടുപകരണങ്ങൾ, സാനിറ്ററി ഐറ്റം തുടങ്ങിയ കിറ്റുകളാണ് വിത രണം നടത്തിയത്. അതാത് ഗ്രാമങ്ങളിലെ ലോക്കൽ മാസ്സിന്റെ നേതൃത്വത്തിലാണ് അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെ ടുത്തത്. ഭിന്നശേഷിയുള്ള വ്യക്തിക ളുള്ള കുടുംബങ്ങൾ, വിധവ കൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കിറ്റുകൾ വിത രണം നടത്തിയത്.പെരിക്കല്ലൂരിൽ ബഹുമാനപ്പെട്ട പാറക്കൽ അച്ചൻ, ക്രൈസ്റ്റ്നഗറിൽ ഫാ. തോമസ് മരങ്ങാട്ടിൽ, ഫാ. ഡിനോ കുമ്മാനി ക്കാട്ട്, ഫാ. ബൈജു ആച്ചില തറക്കൽ, ഫാ. ജോസ്തറപ്പു തൊട്ടിയിൽ, ഫാ. സ്റ്റിജോ തേക്കുംക്കാട്ടിൽ, ഫാ. എബി വടക്കേക്കര, ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ എന്നിവർ സന്നിഹിതരായിരുന്നു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ, മനോജ് .വി എന്നിവർ നേതൃത്വം നൽകി. അതാത് വില്ലേജുകളിലെ ആനിമേറ്റേഴ്സ്, മാസ്സ് ലോക്കൽ പ്രതിനിധികൾ കിറ്റ് വിതരണത്തിൽ സഹായിച്ചു.

## പ്രതിനിധിയോഗം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പെരിക്കല്ലൂർ സെന്റ് തോമസ് പള്ളിയിൽ വച്ച് ഫൊറോന വികാരി റവ. ഫാ. സുനിൽ പാറക്കല്ലിന്റെ അദ്ധ്യക്ഷതയിൽ വയനാട് വെള്ള പ്പൊക്ക ദുരിതാശ്വാസവുമായി ബന്ധപ്പെട്ടകാര്യങ്ങൾ ക്രമീകരി ക്കുവാനായി പ്രതിനിധിയോഗം ചേരുകയുണ്ടായി. യോഗത്തിൽ 2018 ആഗസ്റ്റ് മാസം 8 മുതൽ 18-ാം തീയതിവരെ വയനാട്ടിലുണ്ടായ പ്രളയക്കെടുതിമൂലം വീടുകളും, കൃഷികളും, മറ്റ് ജീവനോപാധി

കളും നഷ്ടപ്പെട്ട ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച അപേക്ഷകൾ പഠിച്ച് മുൻഗണനക്രമം നിശ്ചയിക്കുകയും, പ്രസ്തുത കാര്യങ്ങൾ കോട്ടയത്ത് നടക്കുന്ന അതിരൂപത ദുരിതാ ശ്വാസ നിധി സംബന്ധിച്ച് ഉന്നതാധികാര കമ്മിറ്റിയിൽ അവതരിപ്പി ക്കുന്നതിനായി മലബാറിലെ സാമൂഹികസേവന വിഭാഗമായ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ഏൽപ്പിക്കുകയും ചെയ്തു. വയനാട്ടിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് 75 ലക്ഷം രൂപയുടെ നാശനഷ്ടങ്ങളാണ് ഫൊറോന തലത്തിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രതിനിധി കമ്മിറ്റിക്ക് കണ്ടെത്താൻ സാധിച്ചത്. യോഗത്തിൽ റവ. ഫാ. സുനിൽ പാറക്കൽ, അബ്രഹാം ഉള്ളാടപ്പുള്ളിൽ, ബേബി പള്ളിപുറത്ത്, ഫാ. ഡിനോ കുമ്മനിക്കാട്ട് എന്നിവർ പങ്കെടുത്തു.

## പ്ലാറ്റിനം സ്റ്റാർസ് സെലക്ഷൻ ക്യാമ്പ്

മലബാർ ക്നാനായ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയുടെ കർമ്മ പദ്ധതികളിൽ ഒന്നായ പ്ലാറ്റിനം സ്റ്റാർസിന്റെ വയനാട് മേഖലയിലെ സെലക്ഷൻ ക്യാമ്പ് മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിലും, രാജപുരം മേഖല സെലക്ഷൻ ക്യാമ്പ് മാലക്കല്ല് ലൂർദ്ദ് മാതാ പാരിഷ് ഹാളിലും നടന്നു. ഏഴാം ക്ലാസ്സിൽ പഠിക്കുന്ന മിടുക്കരായ കുട്ടികളെ തിരഞ്ഞെടുത്ത് അവർക്ക് പ്രത്യേക ക്യാമ്പുകളും, പരിശീലനങ്ങളും നൽകി സഭയ്ക്കും, സമുദായത്തിനും, സമൂഹത്തിനും ഒരു മുതൽ ക്കൂട്ടായി കുട്ടികളെ വളർത്തികൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, രാജപുരം ഹോളി ഫാമിലി ഫൊറോന വികാരി റവ. ഫാ. ഷാജി വടക്കേതൊട്ടി, മാലക്കല്ല് ലൂർദ്ദ് മാതാ പള്ളി വികാരി ഫാ. ബൈജു എടാട്ട്, തേറ്റമല സെന്റ് സ്റ്റീഫൻ പള്ളിവികാരി ഫാ. എബി വടക്കേ ക്കര, മാനന്തവാടി പാവന പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ജോസ് തറപ്പ്തൊട്ടിയിൽ, സി. നിക്കേങ്ങറ്റ. എസ്.വി.എം സി. തുഷാര എസ്.വി.എം, സി. സ്നേഹ എസ്.ജെ.സി എന്നിവർ നേതൃത്വം നല്കി.

## പരിശീലനം സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന വരുമാന വർദ്ധക പരിശീലനപരിപാടിയുടെ ഭാഗമായി പൂക്കയത്ത്

പ്രവർത്തിച്ച് വരുന്ന വനിത സ്വാശ്രയസംഘം അംഗങ്ങൾക്ക് വാഷിംങ് പൗഡർ നിർമ്മാണത്തിൽ ഏകദിന പരിശീലനം നടത്തുകയുണ്ടായി. ഇതിലൂടെ മാർക്കറ്റിൽ ലഭ്യമാകുന്ന വാഷിംങ് പൗഡറിനേക്കാൾ ഗുണമേന്മയുള്ളതും എന്നാൽ വിലകുറഞ്ഞ രീതിയിലും ആളുകൾക്ക് വാഷിംങ് പൗഡർ നൽകുവാൻ സാധിക്കുന്നു.

മാസ്സ് ചുള്ളിക്കര യൂണിറ്റിൽ പ്രവർത്തിക്കുന്ന വനിത സ്വാശ്രയ അംഗങ്ങൾക്കായി ഇഞ്ചി സ്ക്വാഷ് നിർമ്മാണത്തിലും പരിശീലനം കൊടുത്തു. വിഷം കലർന്ന ശീതളപാനിയങ്ങൾ കമ്പോളങ്ങളിൽ നിന്നും വാങ്ങിക്കുന്നതിന് പകരം ഗുണമേന്മയുള്ള സ്ക്വാഷ് വീടുകളിൽ നിർമ്മിച്ച് ആവശ്യങ്ങൾക്കായി നൽകി വരുന്നു. പരിശീലന പരിപാടിക്ക് സി. സ്നേഹ എസ്.ജെ.സി നേതൃത്വം നൽകി. സ്വാശ്രയ സംഘ അംഗങ്ങളായ 26 സ്ത്രീകൾ പരിശീലനപരിപാടിയിൽ പങ്കെടുത്തു.

**ഫാ. ബിബിൻ കണ്ടോത്ത്**
സെക്രട്ടറി, മാസ്സ്

# ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി

## ആവശ്യഘട്ടത്തിൽ ആശ്വസവുമായി ഗ്രീൻവാലിഡെവലപ്മെന്റ് സൊസൈറ്റി

2018 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയക്കെടുതികളിൽ നടത്തിയ പ്രവർത്തനങ്ങൾ പ്രളയ ബാധിതരായവർക്ക് ആശ്വാസമായി മാറി. പാർപ്പിക്കുന്നതിലും ക്യാമ്പിൽ ഭക്ഷണ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിലും അർഹരായവർക്ക് ഭക്ഷണ സാധനങ്ങൾ അടങ്ങിയ കിറ്റുകൾ എത്തിച്ചുകൊടുക്കുന്നതിലും ജിഡിഎസ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ച വെച്ചത്. ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 10 ലക്ഷ്യത്തിലധികം രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഗ്രീൻവാലി ഡെവലപ്പ്മെന്റ് സെക്രട്ടറി ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിലിന്റെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്.

## പ്രളയബാധിതർക്ക് ആശ്വാസമായി മെഡിക്കൽ ക്യാമ്പുകൾ

പ്രളയത്തെ തുടർന്നുണ്ടായ മാനസിക ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും കാത്തലിക് ഹെൽത്ത് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെയും നേതൃത്വത്തിൽ ജിഡിഎസ് പ്രവർത്തന ഗ്രാമങ്ങളിലും പ്രളയ ബാധിത പ്രദേശങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ നടത്തി. മരിയാപുരം, നാരകക്കനം, തടിയമ്പാട്, വിമലഗിരി, ഉപ്പുതോട്, പടമുഖം, പൂതാളി, തെള്ളിത്തോട്, എൻ.ആർ. സിറ്റി, സേനാപതി, ബൈസൺ വാലി, മണിയാറൻകുടി എന്നീ പ്രളയ ബാധിത മേഖലകളിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. മെഡിക്കൽ ക്യാമ്പുകളിൽ കൗൺസലിംഗ്, പീഡിയാട്രിക്, ഗൈനക്കോളജി, ജനറൽ മെഡിസിൻ എന്നീ വിഭാഗങ്ങളിൽ പ്രഗൽഭരായ ഡോക്ടർമാരും ജിഡിഎസ് സെക്രട്ടറി ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ജെയിസ് കണ്ടംകരിയിൽ എന്നിവരും നേതൃത്വം നൽകി.

## ദുരിത ബാധിത പ്രദേശങ്ങളിൽ സന്ദർശനം നടത്തി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രസിഡന്റ് റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ടിന്റെ നേതൃത്വത്തിൽ കാരിത്താസ് ഇൻഡ്യ ഡയറക്ടർ ഫാ. പോൾ മുഞ്ഞേലി കെ.എസ്.എസ്.എഫ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ട് പരിസ്ഥിതി കമ്മറ്റി ചെയർമാൻ ഫാ. റൊമാൻ ആന്റണി, ഫാ. അലക്സ് ആക്കപ്പറമ്പിൽ മറ്റ് പരിസ്ഥിതി വിദഗ്ദർ എന്നിവർ ഹൈറേഞ്ച് മേഖലയിലെ പ്രളയ ദുരിത പ്രദേശങ്ങളിൽ സന്ദർശനം നടത്തി വിലയിരുത്തൽ നടത്തി.

## ലോക്കൽ ജിഡിഎസ് മീറ്റിംഗ് ചേർന്ന് പ്രളയ ദുരിത വിലയിരുത്തൽ നടത്തി

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി പ്രസിഡന്റ് റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ടച്ചന്റെ അധ്യക്ഷതയിൽ വിവിധ പ്രവർത്തന ഗ്രാമങ്ങളിലെ ലോക്കൽ ജി.ഡി.എസ് പ്രവർത്തകരുടെയും ഇടവക വികാരിമാരുടെയും യോഗം 30-08-2018 വ്യാഴാഴ്ച 10.30 ന് തടിയമ്പാട് മരിയസദൻ അനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പ്രദേശങ്ങളിൽ ഉണ്ടായ പ്രളയദുരിതങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. റവ. ഫാ. അലക്സ് ആക്കപറമ്പിൽ ഗ്രീൻവാലി ഡവലപ്പ്മെന്റ് സൊ

സൈറ്റി സെക്രട്ടറി ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ പടമുഖം ഫൊറോനാ വികാരി ഫാ. ബെന്നി കന്നുവെട്ടിയിൽ, റവ. ഫാ. ജോസ് ചക്കാലയ്ക്കൽ, ഫാ. സ്റ്റാബിൻ നിർപ്പാറമാലയിൽ, ഫാ. സനൽ ചിറപുറത്ത്, ഫാ. മിഥുൻ പുളിഞ്ചാക്കിൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## ശുചീകരണ പ്രവർത്തനം നടത്തി

പടമുഖം ഗ്രാമത്തിൽ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

## അഭിനന്ദനം

2018 ജൂലൈ മാസത്തിൽ ചിക്കാഗോയിൽ നടത്തിയ സെപെഷ്യൽ ഒളിംപിക്സ് യൂണിഫൈഡ് കപ്പ് ഹാൻഡ്ബോൾ മത്സരത്തിൽ പടമുഖം ഗ്രാമത്തിലെ സിബിആർ ഗ്രൂപ്പംഗമായ ശാലു രവീന്ദ്രൻ മൂന്നാം സ്ഥാനത്തിനർഹയായി.

## ചിന്നമ്മ മണ്ണൂർ മെമ്മോറിയൽ ചികിത്സാ സഹായനിധി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ 20ത് വർഷക്കാലത്തിലധികം സുത്യർഹ സേവനത്തിന് ശേഷം അകാലത്തിൽ മരണമടഞ്ഞ ചിന്നമ്മ ചാക്കോ മണ്ണൂരിന്റെ ഓർമ്മ നിലനിർത്തുന്നതിനായി ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചികിത്സാ സഹായനിധി രൂപീകരിക്കുന്നു. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡന്റും കോട്ടയം അതിരൂപത വികാരി ജനറാളുമായ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ടച്ചന്റെ പൗരോഹിത്യ ജൂബിലിയോടനുബന്ധിച്ച് അച്ചൻ ലഭ്യമാക്കുന്ന 50000 രൂപ മൂലധനത്തിലൂടെയാണ് ഈ പദ്ധതിയ്ക്ക് തുടക്കം കുറിക്കുന്നതിന് പ്രേരണയായത്. ജിഡിഎസ് സ്വാശ്രയ സംഘാംഗങ്ങളായ അശരണരും ആലംബഹിനരുമായ നിർദ്ധന രോഗികളെ സഹായിക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത തുക വിനിയോഗിക്കുന്നത്. സാമൂഹ്യ പ്രവർത്തനത്തിൽ പങ്കുചേർന്ന നന്മ ചെയ്യുവാൻ താല്പര്യമുള്ള സുമനസ്സുള്ളവർക്ക് ഈ പദ്ധതിയിൽ പങ്കുചേരാവുന്നതാണ്.

**ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ**

സെക്രട്ടറി, ജി.ഡി.എസ്

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**സെപ്റ്റംബർ 2018**

6 കടുത്തുരുത്തി ഐ.റ്റി.സി.യിൽ പുതിയ അധ്യയനവർഷവും Leap പ്രോഗ്രാമും ഉദ്ഘാടനം ചെയ്തു.

7 കെ.സി.ഡബ്ല്യു.എ യുടെ നേതൃത്വത്തിൽ തൂവാനീസയിൽ നടത്തിയ ഏകദിന ധ്യാനത്തിൽ സന്ദേശം നൽകി.

- അതിരൂപതാ വൈദീകനും മാറിക ഇടവകാംഗവുമായ നിര്യാതനായ ചെള്ളക്കണ്ടത്തിൽ ബഹു. മാത്യു അച്ചന്റെ മൃത സംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

8 ദർശന ഓഡിറ്റോറിയത്തിൽ നടന്ന ഐസക് കാട്ടുവള്ളി യുടെ നവതി ആഘോഷത്തിൽ പങ്കെടുത്തു.

9 പിറവം ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

11 ചൈതന്യയിൽ കൂടിയ അതിരൂപതാ വൈദീക സമിതി മീറ്റിം ഗിൽ പങ്കെടുത്തു.

- ചൈതന്യയിൽ കൂടിയ കമ്മീഷൻ ചെയർമാൻമാരുടെ മീറ്റിം ങ്ങിൽ സംബന്ധിച്ചു.

12 സി.ബി.സി.ഐ യുടെയും കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷന്റെയും നാഷണൽ കരിസ്മാറ്റിക് ടീമിന്റെയും നേതൃത്വത്തിൽ കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ നടത്തിയ പ്രാർത്ഥനാദിനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

13 സെന്റ് ആൻസ് സ്റ്റഡി ഹൗസിൽ വി. ബലിയർപ്പിച്ചു.

15 അമേരിക്കയിലെ ന്യൂ ജേഴ്സിയിൽ പുതുതായി വാങ്ങിച്ച ദേവാലയത്തിന്റെ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുത്തു.

20 തൂവാനീസയിൽ നടന്ന തൂവാനീസ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയും വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയ പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

21 കല്ലറയിൽ പുതുതായി നിർമ്മിച്ച സെന്റ് മാത്യൂസ് വൃദ്ധമന്ദിരം വെഞ്ചരിക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.

22 ഉഴവൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു.

23 പി.ഒ.സിയിൽ നടന്ന കെ.സി.ബി.സി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

26-28 ബാംഗ്ലൂർ സെന്റ് ജോൺസ് ഹോസ്പിറ്റലിൽ നടന്ന സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുത്തു.

**ഒക്ടോബർ 2018**

2 മദനഹായിൽ നടത്തിയ സന്യാസിനിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

3 ചൈതന്യയിൽ കൂടിയ തിയോളജിക്കൽ മീറ്റിംങ്ങിൽ പങ്കെടുത്തു.

\- ചൈതന്യയിൽ കൂടിയ സോഷ്യൽ ആക്ഷൻ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

4 ഉഴവൂർ കപ്പൂച്ചിൻ ആശ്രമത്തിലെ തിരുനാളിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

\- കാരിത്താസ് കോളജ് ഓഫ് നേഴ്സിങ്ങിലെ പുതിയ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു.

# ENGAGEMENTS

## Mar Mathew Moolakkatt

### October 2018

7 Conclusion of the Silver Jubilee Celebration of St. Francis Assisi, Knanaya Catholic Church, Thiroor.

8 Blessing of the Newly Built SVM Convent at Madampam.

10 40 Hour Adoration at Kaipuzha.
13 Sisters Meet at Madhanaha.
- KCYL Golden Jubilee 'Deepashika' Prayanam at Kaduthuruthy.
14 Pastoral Visit at Marika.
- Foundation Stone for SVM Convent at Marika.
16 Bi-Monthly of Priests at Chaithanya.
18 Blessing of the Newly Built SVM Convent at Arpookara.
- Conclusion of the Centenary Celebration of St. Thresia's Knanaya Catholic Church, Palathuruth.
19 - November 6 - USA

## അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**സെപ്റ്റംബർ 2018**

5 കൊട്ടോടി സെന്റ് ആൻസ് സ്കൂളിന്റെ സ്റ്റാഫ് മീറ്റിംഗിലും രാജപുരം കോളജിന്റെ സ്റ്റാഫ് മീറ്റിംഗിലും പങ്കെടുത്തു.
8,9 പയസ് നഗർ ഇടവകയിൽ ഇടയസന്ദർശനം നടത്തി.
11 ചൈതന്യയിൽ കൂടിയ അതിരൂപതാ വൈദിക സമിതി മീറ്റിംഗിൽ പങ്കെടുത്തു.
- ചൈതന്യയിൽ നടത്തപ്പെട്ട അതിരൂപതാ ശതാബ്ദി വിദ്യാഭ്യാസ കേന്ദ്രകമ്മറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
13 കാരിത്താസ് മേഴ്സി ഹോസ്പിറ്റൽ പയ്യാവൂരിലെ നവീകരിച്ച ലാബിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നടത്തി.
16 രാമനാഥപുരത്ത് വച്ച് തമിഴ്നാട് എസ്.എം.വൈ.എം. റീജിയൺ ഉദ്ഘാടനം ചെയ്തു.

19,20 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടത്തിയ മലബാർ റീജിയൺ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

20 കണ്ണൂർ ബറുമറിയത്ത് നടത്തപ്പെട്ട ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി ജനറൽ ബോഡി മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ച് സംസാരിച്ചു.

21 കണ്ണൂർ ബറുമറിയത്തിൽ വിളിച്ചു ചേർത്ത 2017 ഡിസംബർ ബാച്ചിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്ത് അവരുമായി അജപാലന വിഷയങ്ങൾ ചർച്ച ചെയ്തു.

22 കാരിത്താസിൽ കൂടിയ കാരിത്താസ് ട്രസ്റ്റ് മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

\- പാഴുത്തുരുത്ത് മരിയമലയിൽ നടത്തപ്പെട്ട അതിരൂപതാ കെ.സി.വൈ.എൽ. നേതൃത്വ പരിശീലന ക്യാമ്പിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും കുട്ടികളുമായി ആശയവിനിമയം നടത്തി ചോദ്യങ്ങൾക്ക് മറുപടി നല്കുകയും ചെയ്തു.

23 തൂവാനീസ ബൈബിൾ കൺവൻഷനിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

\- ചൈതന്യയിൽ വിളിച്ചുചേർത്ത കെ.സി.വൈ.എൽ. മുൻകാല ഭാരവാഹികളുടെ ആലോചനയോഗത്തിൽ സംബന്ധിച്ചു.

# ENGAGEMENTS

## Mar Joseph Pandarasseril

### October 2018

1 To Rome for the Youth Synod.

3-28 Youth Synod in Rome

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ
## മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ

# പുരോഹിതനും മാനസാന്തരാനുഭവവും

**(തിരുവചനഭാഗം: ശ്ലീഹ 9, 1-30)**

സാവൂളിനെ പൗലോസാക്കി മാറ്റിയ മാനസാന്തരാനുഭവമാണ് ഈ വചനഭാഗത്തെ പ്രതിപാദ്യവിഷയം. 'സാവൂൾ', 'പൗലോസ്' എന്നീ രണ്ടു പേരുകളും ആരംഭംമുതലേ ശ്ലീഹായ്ക്കുണ്ടായിരുന്നിരിക്കണം: 'സാവൂൾ' എന്നത് ഹെബ്രായപേരും, റോമൻ പൗരനായിരുന്നതുകൊണ്ട് 'പൗലോസ്' എന്ന പേരും. നടപടി പുസ്തകത്തിൽ 13-ാം അദ്ധ്യായം 9-ാം വാക്യം മുതലും മറ്റു പുതിയനിയമഗ്രന്ഥങ്ങളിലും പൗലോസ് എന്ന പേരിൽ മാത്രമാണ് ശ്ലീഹാ അറിയപ്പെടുന്നത്. മാനസാന്തരാനുഭവം അത്ര നിർണ്ണായകമായിരുന്നു എന്നതിന്റെ ഒരു സൂചനയായി ഇതിനെ പരിഗണിക്കാം.

പൗലോസ്ശ്ലീഹായാണ് തന്റെ ശ്ലൈഹികശുശ്രൂഷയെ 'പുരോഹിതശുശ്രൂഷ' എന്നു വിശേഷിപ്പിക്കുന്നത്: "വിജാതീയരാകുന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവും ആകാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്നു" (റോമാ 15,16). അതുകൊണ്ട് സാവൂളിനെ പൗലോസാക്കി മാറ്റിയ മാനസാന്തരാനുഭവം പുരോഹിതശുശ്രൂഷ നിർവഹിക്കുന്ന എല്ലാവരിലും ഉളവാകേണ്ട ഒരനുഭവമായി കരുതാവുന്നതാണ്. മാനസാന്തരാനുഭവത്തിന്റെ സ്വഭാവവും പ്രത്യേകതകളും മനസ്സിലാക്കുവാൻ ഈ വചനഭാഗം സഹായകരമാവും. അഞ്ചു ഭാഗങ്ങളായി ഈ വചനഭാഗത്തെ തിരിക്കാം:

1. 9,1-2 മതപീഢകനായ സാവൂൾ
2. 9,3-9 ദമാസ്ക്കസ് യാത്രയിലുണ്ടായ ദർശനം
3. 9,10-19 സാവൂളിന്റെ മാമ്മോദീസാ
4. 9,20-25 സുവിശേഷപ്രഘോഷണത്തിനു തുടക്കം
5. 9,26-30 സാവൂൾ ജറുസലേമിൽ

**1. ജീവിതാനുഭവങ്ങളും മാനസാന്തരാനുഭവവും**

"*സാവൂൾ അപ്പോഴും കർത്താവിന്റെ ശിഷ്യരുടെനേരേ വധഭീഷണി ഉയർത്തിക്കൊണ്ടിരുന്നു. അവൻ പ്രധാനപുരോഹിതനെ സമീപിച്ച്, ക്രിസ്തുമാർഗം സ്വീകരിച്ച സ്ത്രീപുരുഷന്മാരിൽ ആരെക്ക*

*ണ്ടാലും അവരെ ബന്ധനസ്ഥരാക്കി ജറുസലേമിലേക്കു കൊണ്ടുവരാൻ ദമാസ്ക്കസിലെ സിനഗോഗുകളിലേക്കുള്ള അധികാരപത്രങ്ങൾ ആവശ്യപ്പെട്ടു*" (9,1-2).

ജറുസലേമിൽനിന്നും ദമാസ്ക്കസിലേക്കുള്ള വഴിയിൽ യാത്ര ചെയ്യുന്ന സാവൂൾ. ക്രിസ്തുമാർഗം സ്വീകരിച്ച സ്ത്രീപുരുഷന്മാരിൽ ആരെക്കണ്ടാലും അവരെ ബന്ധനസ്ഥരാക്കി ജറുസലേമിലേക്കു കൊണ്ടുവരുവാൻ ദൃഢനിശ്ചയം ചെയ്ത സാവൂൾ. ഒരു മിന്നലൊളി അയാളുടെമേൽ പതിക്കുന്നു. ഒരു സ്വരം കേൾക്കുന്നു. അയാൾ നിലംപതിക്കുന്നു. യാത്ര നിർത്തി ഒരു പുതിയ ജീവിതത്തിനു തുടക്കംകുറിക്കുന്നു. സഭാപീഢകനായ സാവൂൾ സഭാസ്നേഹിയും സഭാസമൂഹനിർമ്മാതാവുമായ പൗലോസായി മാറുന്നു. ഈ മാറ്റം എപ്രകാരമാണ് സംഭവിച്ചത്? സാവൂളിന്റെമേൽ പതിച്ച മിന്നലൊളി ഉത്ഥിതനായ മിശിഹായുടെ പ്രത്യക്ഷീകരണമായിരുന്നു. പിന്നീടുള്ള പൗലോസിന്റെ വിവരണങ്ങളിൽ ഇതു വ്യക്തമാകുന്നുണ്ട് (22,6-16; 26,12-18). ശ്ലൈഹികശുശ്രൂഷ ആധികാരികമായി നിർവഹിക്കാൻ ഒരാൾക്കു കഴിവു ലഭിക്കുന്നത് "ഉത്ഥിതനായ മിശിഹായെ കണ്ടു" എന്ന അനുഭവത്തിലൂടെയാണ്. തന്റെ ശ്ലൈഹികാധികാരികതയെക്കുറിച്ച് പിന്നീട് ശ്ലീഹാ വ്യക്തമായി പറയുന്നു: "ഏറ്റവും ഒടുവിൽ അകാലജാതന് എന്നതുപോലെ എനിക്കും അവിടുന്ന് പ്രത്യക്ഷനായി" (1 കൊറി 15,8). അതുകൊണ്ട് ഈ ഉത്ഥാനാനുഭവമാണ് സാവൂളിനെ പൗലോസാക്കി മാറ്റിയത് എന്നതിനു സംശയമില്ല.

എന്നാൽ ഈ മാറ്റം ദമാസ്ക്കസിലേക്കുള്ള യാത്രയിൽ ഉത്ഥിതനായ മിശിഹായെ കണ്ടു എന്നതിൽമാത്രം ഒതുങ്ങിനില്ക്കുന്നതല്ല. അതിനു പിന്നിലുള്ള തന്റെ ജീവിതാനുഭവങ്ങളിലും ഈശോയെ കണ്ടുമുട്ടുവാൻ സാവൂളിനു കഴിഞ്ഞിരുന്നിരിക്കണം. നടപടിഗ്രന്ഥത്തിൽ സഭാസമൂഹത്തെ വിശേഷിപ്പിക്കുന്നത് '*മിശിഹാമാർഗ്ഗം* സ്വീകരിച്ച സ്ത്രീപുരുഷന്മാർ' എന്നാണ് (9,2). വഴിയും സത്യവും ജീവനുമായ മിശിഹാ (യോഹ 14,6) സഭയിൽ ജീവിക്കുന്നു എന്ന സത്യമാണ് ഈ വിശേഷണം വ്യക്തമാക്കുന്നത്. അതുകൊണ്ട് സഭാംഗങ്ങളെ കാണുന്നവർ സഭയിൽ ജീവിക്കുന്ന മിശിഹായെയാണ് കാണുന്നത്. സാവൂളിനും തന്റെ ഇതുവരെയുള്ള മതപീഢനസന്ദർഭങ്ങളിൽ സഭയിൽ ജീവിക്കുന്ന മിശിഹായെ കാണുവാൻ അവസരം ലഭിച്ചുകാണും. സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തിന് സാവൂൾ

സാക്ഷിയായിരുന്നു. കല്ലേറുകൊണ്ടു മരിക്കുമ്പോൾ, “കർത്താവേ, ഈ പാപം അവരുടെമേൽ ആരോപിക്കരുത്” എന്ന് അയാൾ പ്രാർത്ഥിക്കുന്നത് സാവൂൾ തീർച്ചയായും കണ്ടിട്ടുണ്ടാവും. അതു പോലെതന്നെ, താൻ അറസ്റ്റു ചെയ്തു തടവിലാക്കിയ ക്രിസ്യാനികളുടെ ജീവിതമാതൃകയും അയാൾ ശ്രദ്ധിച്ചിട്ടുണ്ടാവും. അതുകൊണ്ട് പുരോഹിതന്റെ ജീവിതാനുഭവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി അവയെ മിശിഹാനുഭവങ്ങളാക്കി പകർത്തുവാൻ പുരോഹിതനു കഴിയണം. ഇപ്രകാരമുള്ള പ്രാർത്ഥനാനുഭവത്തിലൂടെ മാനസാന്തരാനുഭവത്തിൽ വളരാൻ പുരോഹിതനു സാധിക്കണം.

**2. മിശിഹാനുഭവവും മാനസാന്തരാനുഭവവും**

“*അവൻ നിലംപതിച്ചു; ഒരു സ്വരം തന്നോട് ഇങ്ങനെ ചോദിക്കുന്നതും കേട്ടു: സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു? അവൻ ചോദിച്ചു: കർത്താവേ, അങ്ങ് ആരാണ്? അപ്പോൾ ഇങ്ങനെ മറുപടിയുണ്ടായി: നീ പീഡിപ്പിക്കുന്ന ഈശോയാണു ഞാൻ. എഴുന്നേറ്റു നഗരത്തിലേക്കു പോവുക. നീ എന്താണു ചെയ്യേണ്ടതെന്ന് അവിടെവച്ച് നിന്നെ അറിയിക്കും*” (9,4-6).

ഡമാസ്ക്കസിലുള്ള ക്രിസ്ത്യാനികളെ ബന്ധനസ്ഥരാക്കി ജറുസലേമിലേക്കു കൊണ്ടുവരുവാനുള്ളഅധികാരപത്രവുമായി പോയ സാവൂൾ ഡമാസ്ക്കസിനടുത്തുവച്ച് പ്രകാശപൂർണ്ണമായ ഒരു ദർശനത്തിന്റെ ഫലമായി കുതിരപ്പുറത്തുനിന്ന് താഴെ വീഴുകയും അന്ധനായിത്തീരുകയും ചെയ്തു. അതേസമയം മുകളിൽനിന്ന് ഒരശരീരി സ്വരം കേട്ടു: “സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു?” സാവൂൾ ചോദിച്ചു: “നീ ആരാണ്?” അതിനുത്തരമായി “നീ പീഡിപ്പിക്കുന്ന മിശിഹായാണു ഞാൻ” എന്നു മറുപടി കിട്ടി (9,4-6). ഈശോ അദ്ദേഹത്തോട് എഴുന്നേറ്റ് നഗരത്തിലേക്കു പോകാനും അവിടെവച്ച് എന്തു ചെയ്യണമെന്ന് അറിയിക്കപ്പെടുമെന്നും പറഞ്ഞു (9,6). അതനുസരിച്ച് കൂടെയുണ്ടായിരുന്നവർ സാവൂളിനെ കൈയ്ക്കു പിടിച്ച് നഗരത്തിലേക്കു കൊണ്ടുപോയി. യൂദാസ് എന്നു പറയപ്പെടുന്ന ഒരാളുടെ വീട്ടിലെത്തി. അവിടെ മൂന്നു ദിവസം ഭക്ഷണംപോലും കഴിക്കാതെ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി (9,11). തനിക്കുണ്ടായ അനുഭവത്തിന്റെ പൊരുളെന്താണെന്ന് ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും, വിശ്വാസത്തിന്റെ വെളിച്ചത്തിൽ തന്റെ ദൈവവിളി സ്വീകരിക്കുവാനും ഈ പ്രാർത്ഥനാപൂർവമുള്ള കാത്തിരിപ്പ് ആവശ്യമായിരുന്നു.

ദൈവം തന്റെ വിളി സാവൂളിനു വെളിപ്പെടുത്തിക്കൊടുത്ത സന്ദർഭമാണിത്. ഈശോ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണല്ലോ. ഈശോയിലൂടെ ദൈവം സാവൂളിന്റെ വിളിയും ദൗത്യവും അയാൾക്കു വെളിപ്പെടുത്തിക്കൊടുത്ത സന്ദർഭമാണിത്. തന്റെ ദൈവവിളിയുടെ വെളിപ്പെടുത്തലാണ് ഇവിടെ നടന്നതെന്ന് പൗലോസ്ശ്ലീഹാതന്നെ വ്യക്തമായി പറയുന്നുണ്ട്: "ഞാൻ മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തിരഞ്ഞെടുത്തു; തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു. അത് അവിടുത്തെ പുത്രനെപ്പറ്റി വിജാതീയരുടെയിടയിൽ പ്രസംഗിക്കാൻ അവനെ എനിക്കു വെളിപ്പെടുത്തിത്തരേണ്ടതിനായിരുന്നു" (ഗലാ 1,15-16). മിശിഹാ ജീവിക്കുന്നതും സ്വയം വെളിപ്പെടുത്തുന്നതും സഭയിലൂടെയായതുകൊണ്ട് മിശിഹാനുഭവം അവശ്യം സഭാത്മകമാണെന്നും ഇവിടെ വ്യക്തമാണ്. ഈ മിശിഹാനുഭവത്തിലൂടെയുള്ള മാനസാന്തരാനുഭവം പൂർത്തിയാകുന്നത് പിന്നീട് അനനിയാസ് നല്കിയ മാമ്മോദീസായിലൂടെയും കൈവയ്പ്പിലൂടെയുമാണെന്ന് അടുത്തുവരുന്ന ഭാഗം വ്യക്തമാക്കുന്നുണ്ട് (9,10-19). മിശിഹാനുഭവവും മാനസാന്തരാനുഭവവും പൂർണമാകുന്നത് സഭയുടെ കൂദാശാജീവിതത്തിലൂടെയാണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു. അതേസമയം, സഭാത്മകമായ ഈ അനുഭവം വ്യക്തിപരമായ പ്രാർത്ഥനയിലൂടെ സ്വാംശീകരിക്കണമെന്നും ഈ ഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

**3. സഭാത്മകജീവിതവും മാനസാന്തരാനുഭവവും**

"*അനനിയാസ് ചെന്ന് ആ ഭവനത്തിൽ പ്രവേശിച്ച് അവന്റെ മേൽ കൈകൾ വച്ചുകൊണ്ടു പറഞ്ഞു: സഹോദരനായ സാവൂൾ, മാർഗമദ്ധ്യേ നിനക്കു പ്രത്യക്ഷപ്പെട്ട കർത്താവായ ഈശോ, നിനക്കു വീണ്ടും കാഴ്ച ലഭിക്കുന്നതിനും നീ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനുംവേണ്ടി എന്നെ അയച്ചിരിക്കുന്നു. ഉടൻതന്നെ ചെതുമ്പലുപോലെ എന്തോ ഒന്ന് അവന്റെ കണ്ണുകളിൽനിന്ന് അടർന്നുവീഴുകയും അവനു കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു. അവൻ എഴുന്നേറ്റു ജ്ഞാനസ്നാനം സ്വീകരിച്ചു*" (9,17-18).

അനനിയാസിന്റെ കൈവയ്പ്പുശുശ്രൂഷയിലൂടെയും ജ്ഞാനസ്നാനശുശ്രൂഷയിലൂടെയുമാണ് സാവൂളിന്റെ മാനസാന്തരാനുഭവം പൂർത്തിയാകുന്നത്. അനനിയാസ് 'ശിഷ്യൻ' എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. അയാൾ ദമാസ്ക്കസിൽ ഉണ്ടായിരുന്ന യഹൂദക്രൈസ്തവസമൂഹാംഗമായിരുന്നിരിക്കണം. മാനസാന്തരാനുഭവം കേവലം

വ്യക്തിഗതമല്ലെന്നും അത് സഭാത്മകജീവിതത്തിലൂടെയാണ് പൂർണ മാകേണ്ടതെന്നും ഇതു വ്യക്തമാക്കുന്നു. സഭാംഗങ്ങളെ വിശുദ്ധരെന്ന് ഇവിടെ വിശേഷിപ്പിക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ് (9,13). അനനിയാസ് സാവൂളിനെക്കുറിച്ചുള്ള തന്റെ സംശയങ്ങൾ പ്രകടിപ്പിച്ചെങ്കിലും, ദൈവത്തിന്റെ പദ്ധതിതിയിൽ സാവൂൾ ശ്ലൈഹികശുശ്രൂഷയ്ക്കായി ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പാത്രമാണെന്ന് ഉറപ്പു ലഭിച്ചപ്പോൾ ചെന്ന് ദൈവകല്പനപ്രകാരം കൈവയ്പ്പുശുശ്രൂഷയും മാമ്മോദീസായും നല്കി സാവൂളിനെ സഭാംഗമാക്കിത്തീർക്കുന്നു. കൈവയ്പ്പിലൂടെ കാഴ്ച ലഭിക്കുന്നത് വെറുമൊരു രോഗശാന്തിയത്ഭുതമല്ലായിരുന്നു. സാവൂൾ മാനസാന്തരാനുഭവത്തിലൂടെ ശരിയായ, സഭാത്മകമായ, വിശ്വാസാനുഭവത്തിലേക്കു വരികയും സുവിശേഷപ്രഘോഷകനായിത്തീരുകയും ചെയ്യുന്നുവെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. മാനസാന്തരവും വിശ്വാസവും തമ്മിലുള്ള ബന്ധം പ്രത്യേകം ശ്രദ്ധിക്കപ്പെടണം. "മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,15) എന്നാണ് ഈശോ ആഹ്വാനം ചെയ്തത്. മാനസാന്തരാനുഭവമില്ലാത്ത വിശ്വാസം വെറും താത്വികവും ബൗദ്ധികവുമായി നിലകൊള്ളും. ദൈവത്തിന്റെ സ്നേഹത്തിലേക്കും ദൈവത്തോടുള്ള പ്രതിബദ്ധതയിലേക്കും നിർണായകമായി തിരിയുന്നതാണ് മാനസാന്തരം. അപ്രകാരം ദൈവസ്നേഹാഭിമുഖ്യത്തിൽ മുന്നേറുന്നതാണ് വിശ്വാസം. വിശ്വാസം അവശ്യം സഭാത്മകവുമാണ്.

കർത്താവ് അനനിയാസിനോടു പറഞ്ഞ വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടവയാണ്: "നീ പോവുക; വിജാതീയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽമക്കളുടെയും മുമ്പിൽ എന്റെ നാമം വഹിക്കാൻ തെരഞ്ഞെടുക്കപ്പെട്ട പാത്രമാണ് അവൻ. എന്റെ നാമത്തെ പ്രതി അവൻ എത്രമാത്രം സഹിക്കേണ്ടി വരുമെന്ന് അവനു ഞാൻ കാണിച്ചുകൊടുക്കും" (9,15-16). സുവിശേഷപ്രഘോഷണത്തിന്റെ ശ്ലൈഹികശുശ്രൂഷയ്ക്ക് മറ്റു ശ്ലീഹന്മാരെപ്പോലെതന്നെ ദൈവം നേരിട്ട് പൗലോസിനെ തെരഞ്ഞെടുത്തിരിക്കുകയാണെന്നും അത് സഹനം നേരിടേണ്ടി വരുന്ന ശുശ്രൂഷയാണെന്നും ഈ വാക്കുകൾ വ്യക്തമാക്കുന്നു. 'പാത്രം' എന്നത് ശ്ലൈഹികശുശ്രൂഷയുടെ പിന്നിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തിയെയും (റോമാ 9,21-22) ശുശ്രൂഷ ചെയ്യുന്ന മനുഷ്യന്റെ ബലഹീനതയെയും (2 കൊറി

4,7) സൂചിപ്പിക്കുന്നു. പുരോഹിതശുശ്രൂഷയിൽ പ്രവർത്തനനിരത മാകുന്നത് ദൈവത്തിന്റെ ശക്തിയാണ്. അതേസമയം ദൈവികപ്ര വർത്തനം നിർവഹിക്കുന്ന പുരോഹിതൻ മാനുഷികബലഹീനതക ളുള്ളവനുമാണ്. അതുകൊണ്ട് എപ്പോഴും ദൈവവുമായുള്ള ഐക്യ ത്തിൽ ജീവിച്ചുകൊണ്ടുവേണം പുരോഹിതശുശ്രൂഷ നിർവഹിക്കു വാൻ. അതുപോലെതന്നെ ഈശോയുടെ ജീവിതത്തിലെന്നപോലെ, പുരോഹിതശുശ്രൂഷാജീവിതത്തിലും സഹനമുണ്ടാകുമെന്നും, എന്നാൽ ആ സഹനത്തെ ദൈവികമഹത്ത്വത്തിന്റെ മുന്നോടിയായി കണ്ടുകൊണ്ട്, ഈശോയോടുചേർന്നു നിന്നുകൊണ്ടു ക്ഷമാപൂർവം നേരിടണമെന്നും ഇതു സൂചിപ്പിക്കുന്നു.

**4. മാനസാന്തരാനുഭവവും വിശ്വാസപ്രഘോഷണവും**

"*അധികം താമസിയാതെ, ഈശോ ദൈവപുത്രനാണെന്ന് അവൻ സിനഗോഗുകളിൽ പ്രഘോഷിക്കാൻ തുടങ്ങി. അതു കേട്ടവരെല്ലാം വിസ്മയഭരിതരായി പറഞ്ഞു: ജറുസലേമിൽ ഈ നാമം വിളിച്ചപേ ക്ഷിക്കുന്നവരെ പീഡിപ്പിച്ചിരുന്നത് ഇവനല്ലേ? ഇവിടെയും അങ്ങ നെയുള്ളവരെ ബന്ധനസ്ഥരാക്കി പുരോഹിതപ്രമുഖന്മാരുടെ മുന്നിൽ കൊണ്ടുപോകാൻ വേണ്ടിയല്ലേ ഇവൻ വന്നിരിക്കുന്നത്? സാവൂളാകട്ടെ കൂടുതൽ ശക്തി ആർജ്ജിച്ച് ഈശോതന്നെയാണ് മിശിഹാ എന്നു തെളിയിച്ചുകൊണ്ട് ദമാസ്ക്കസിൽ താമസിച്ചിരുന്ന യഹൂദന്മാരെ ഉത്തരം മുട്ടിച്ചിരുന്നു*" (9,20-22).

മാനസാന്തരത്തിലൂടെ വിശ്വാസത്തിലേക്കു കടന്നുവന്ന സാവൂൾ ദമാസ്ക്കസിലെ സിനഗോഗുകളിൽ പ്രസംഗിക്കാൻ തുടങ്ങി. മാന സാന്തരാനുഭവം തീക്ഷ്ണമായ വിശ്വാസാനുഭവം ഒരു വ്യക്തിയിൽ ഉളവാക്കുമെന്നും, ആ വിശ്വാസാനുഭവം മറ്റുള്ളവരുമായി പങ്കുവ യ്ക്കുവാൻ ആ വ്യക്തിയെ പ്രേരിപ്പിക്കുമെന്നും ഇതു വ്യക്തമാക്കു ന്നു. ഈശോ ദൈവപുത്രനാണെന്നാണ് സാവൂൾ പ്രഘോഷിക്കാൻ തുടങ്ങിയത് (9,20). അദ്ദേഹത്തിന്റെ മാനസാന്തരാനുഭവംതന്നെയാണ് പ്രസംഗവിഷയമായിത്തീർന്നത്. ദമാസ്ക്കസ് യാത്രയിൽ താൻ കണ്ടുമുട്ടിയ ഈശോ മരിച്ചു മൺമറഞ്ഞു പോയിരുന്നു എന്നാണ് സാവൂൾ കരുതിയിരുന്നത്. എന്നാൽ ഈശോ മനുഷ്യനെന്ന നില യിൽ ശാരീരികമായി മരിച്ചുവെങ്കിലും ദൈവപുത്രനെന്ന നിലയിൽ സഭയിലും സഭയിലൂടെയും ജീവിച്ചിരിക്കുന്നു എന്ന അനുഭവമാണ് സാവൂളിനുണ്ടായത്. ഈ അനുഭവമാണ് ശക്തമായ ഭാഷയിൽ ആ

സത്യം പ്രഘോഷിക്കുവാൻ സാവൂളിനെ പ്രേരിപ്പിച്ചത്. സഭയെ പീഡിപ്പിച്ചിരുന്ന സാവൂളിനോട് "നീ എന്നെ പീഡിപ്പിക്കുന്നതെന്തിന്?" എന്നാണ് ഈശോ ചോദിച്ചത്. അതുകൊണ്ട് സഭയെ തന്റെ ശരീരമാക്കിക്കൊണ്ട് ഇന്നും ജീവിക്കുന്ന ദൈവപുത്രനാണ് ഈശോ എന്ന് പ്രഘോഷിക്കാൻ സാവൂൾ നിർബന്ധിതനായി.

അതോടൊപ്പം ഈശോ 'മിശിഹാ'യാണെന്നും സാവൂൾ തെളിയിക്കുകയും ചെയ്തു (9,22). യഹൂദരെ സംബന്ധിച്ചിടത്തോളം ഇതു തികച്ചും പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്. കാരണം അവർ മിശിഹായെ പ്രതീക്ഷിച്ചിരുന്നവരാണ്. 'നീ മിശിഹാതന്നെയാണോ' എന്ന് അവർ ഈശോയോടു ചോദിച്ചിട്ടുള്ളതാണ് (യോഹ 10,22-25). "പിതാവ് അഭിഷേകം ചെയ്ത് ലോകത്തിലേയ്ക്കയച്ച ദൈവപുത്രനായ മിശിഹായാണ്" താനെന്ന് ഈശോ പറഞ്ഞപ്പോൾ അവിടുത്തെ ബന്ധിക്കാൻ ഒരുങ്ങിയവരുമാണ് (യോഹ 10,36-39). "നിങ്ങൾ കുരിശിൽ തറച്ച ഈശോയെ ദൈവം കർത്താവും മിശിഹായുമായി ഉയർത്തി എന്ന് ഇസ്രായേൽജനം മുഴുവനും വ്യക്തമായി അറിയട്ടെ" (ശ്ലീഹ 2,36) എന്ന് പന്തക്കുസ്താദിനത്തിൽ പത്രോസ് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. വിശുദ്ധ ലിഖിത വായനയിലും പഠനത്തിലും പ്രാവീണ്യം നേടിയിരുന്ന സാവൂൾ ഈശോ മിശിഹായാണെന്നു തെളിയിച്ചുകൊണ്ട് ദമാസ്ക്കസിലെ യഹൂദന്മാരെ ഉത്തരംമുട്ടിച്ചിരുന്നു (9,22). സഭയിൽ ജീവിക്കുന്ന മിശിഹായെ അനുഭവിച്ചുകൊണ്ടും വചനപഠനത്തിന്റെ പിൻബലത്തോടുകൂടിയും വിശ്വാസപ്രഘോഷണത്തിലേർപ്പെടുവാൻ പുരോഹിതർക്കു കഴിയണം.

**5. മാനസാന്തരാനുഭവവും സഭാകൂട്ടായ്മയും**

"*ജറുസലേമിലെത്തിയപ്പോൾ ശിഷ്യരുടെ സംഘത്തിൽ ചേരാൻ അവൻ പരിശ്രമിച്ചു. എന്നാൽ, അവർക്കെല്ലാം അവനെ ഭയമായിരുന്നു. കാരണം, അവൻ ഒരു ശിഷ്യനാണെന്ന് അവർ വിശ്വസിച്ചില്ല. ബാർണബാസ് അവനെ ശ്ലീഹന്മാരുടെ അടുക്കൽ കൂട്ടിക്കൊണ്ടുവന്നു. സാവൂൾ വഴിയിൽവച്ച് കർത്താവിനെ ദർശിച്ചതും അവിടുന്ന് അവനോടു സംസാരിച്ചതും ദമാസ്ക്കസിൽവച്ച് ഈശോയുടെ നാമത്തിൽ അവൻ ധൈര്യപൂർവം പ്രസംഗിച്ചതും ബാർണബാസ് അവരെ വിവരിച്ചുകേൾപ്പിച്ചു*" (9,26-27).

ദമാസ്ക്കസിലെ സുവിശേഷപ്രഘോഷണം യഹൂദരുടെ ശത്രുതയ്ക്കു കാരണമായി. അവിടെനിന്നും സഭാംഗങ്ങളിൽ ചിലരുടെ

സഹായത്തോടെ രക്ഷപെട്ട് സാവൂൾ ജറുസലേമിലേക്കു പോയി. ജറുസലേമിലെ സഭാകൂട്ടായ്മയിൽ പങ്കുചേരാൻ ശ്രമിച്ചു (9,26). എന്നാൽ ഈ ജറുസലേം യാത്ര എപ്പോഴാണ് നടന്നത് എന്നതിനെ പ്പറ്റി ബൈബിൾ പണ്ഡിതരുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. അതിനുകാരണം തന്റെ ദൈവവിളിയെക്കുറിച്ച് ഗലാത്തിയാ ക്കാർക്കുള്ള ലേഖനത്തിൽ പൗലോസ്ശ്ലീഹാ പറയുന്ന വാക്കുക ളാണ്: "ഞാൻ ഒരു മനുഷ്യന്റെയും ഉപദേശം തേടാൻ നിന്നില്ല. എനിക്കുമുമ്പേ ശ്ലീഹന്മാരായവരെ കാണാൻ ഞാൻ ജറുസലേമി ലേക്കു പോയതുമില്ല. മറിച്ച്, ഞാൻ അറേബ്യായിലേക്കു പോവു കയും ദമാസ്ക്കസിലേക്കു തിരിച്ചുവരികയും ചെയ്തു. മൂന്നു വർഷ ത്തിനുശേഷം കേപ്പായെ കാണാൻ ഞാൻ ജറുസലേമിലേക്കു പോയി" (ഗലാ 1,16-18). അറേബ്യൻ മരുഭൂമി ദമാസ്ക്കസിനടുത്താ യതുകൊണ്ട് ഇത് ദമാസ്ക്കസ് വാസത്തിന്റെ ഭാഗമായിരുന്നിരിക്കാം. പരസ്യപ്രഭാഷണങ്ങൾക്കു മുമ്പായി ഈശോയെ അനുകരിച്ച് മരു ഭൂമിയിലെ ഏകാഗ്രതയിൽനിന്ന് ആത്മീയശക്തി സംഭരിക്കാൻ സാവൂൾ തീരുമാനിച്ചതാകാം (ലൂക്കാ 4,13-14; 1 കൊറി 11,1). ഏതാ യാലും കേപ്പായെ കാണാനാണ് ജറുസലേമിലേക്കു പോയതെന്ന് എടുത്തുപറയുന്നുണ്ട്. മാനസാന്തരത്തിനുശേഷം ദമാസ്ക്കസിലെ ശിഷ്യന്മാരോടുകൂടെ കുറേദിവസം താമസിക്കുകയും ചെയ്തു എന്നും പറയുന്നുണ്ട് (9,19). സഭാകൂട്ടായ്മയോടുള്ള ശ്ലീഹായുടെ ആഭിമുഖ്യം ഇവിടെ സൂചിപ്പിക്കപ്പെടുന്നുണ്ട്.

ജറുസലേമിലെത്തിയ സാവൂളിന് സഭാകൂട്ടായ്മയിൽ ഉൾച്ചേരു വാൻ ബുദ്ധിമുട്ടനുഭവപ്പെട്ടു. കാരണം സാവൂളിന്റെ ഗതകാലചരി ത്രമാണ്. സഭാപീഡകനായിരുന്ന സാവൂളിനെ സഭാസ്നേഹിയായി കാണാൻ അവർക്കു ബുദ്ധിമുട്ടായിരുന്നു. ഈ അവസരത്തിൽ സാവൂ ളിന് ബാർണബാസിന്റെ സഹായം ലഭിച്ചു. ഈ ബാർണബാസ് സഭാ കൂട്ടായ്മയോട് അതീവ താല്പര്യമുണ്ടായിരുന്ന വ്യക്തിയായിരുന്നു (4,36-37). ബാർണബാസ് സാവൂളിനെ ശ്ലീഹന്മാരുടെ കൂട്ടായ്മയിൽ ഉൾച്ചേരുവാൻ സഹായിച്ചു (9,27-28). അപ്രകാരം ശരിയായ വിധ ത്തിലുള്ള ഒരു സുവിശേഷപ്രഘോഷകനായി പൗലോസ് മാറി. മാന സാന്തരാനുഭവം കേവലം വ്യക്തിഗതമല്ല. അത് അവശ്യം സഭാത്മ കമാണ്. ദൈവത്തോടും മിശിഹായോടുമുള്ള സ്നേഹവും പ്രതി ബദ്ധതയും അവശ്യം സഭാത്മകമാണ്. പതിനാലു വർഷത്തിനു ശേഷം വിജാതീയരുടെ ശ്ലീഹായായ പൗലോസ് ബാർണബാസു

മൊത്തു വീണ്ടും ജറുസലേമിലേക്കു പോയി ശ്ലൈഹികകൂട്ടായ്മ ഊട്ടിയുറപ്പിക്കുന്നതായി കാണാം (ഗലാ 2,1-10). സഭാകൂട്ടായ്മയോടും സഭാജീവിതത്തോടും ആഭിമുഖ്യം പുലർത്താത്ത ദൈവാനുഭവവും മിശിഹാനുഭവവും ശരിയായ ഒന്നല്ല. അതുകൊണ്ട് പുരോഹിതർ തങ്ങളുടെ മാനസാന്തരാനുഭവവും സുവിശേഷപ്രഘോഷണവും സഭാകൂട്ടായ്മയോടുൾച്ചേർന്നുകൊണ്ടുള്ളതാണെന്ന് ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. ജീവിതാനുഭവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുന്ന പ്രാർത്ഥനാനുഭവത്തിലുടെ മാനസാന്തരാനുഭവത്തിൽ വളരുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. സഭയുടെ കൂദാശാജീവിതത്തിലൂടെ മിശിഹാനുഭവത്തിൽ വളരുവാനും വ്യക്തിപരമായ പ്രാർത്ഥനയിലൂടെ മിശിഹാനുഭവം സ്വാംശീകരിക്കുവാനും എനിക്കു കഴിയുന്നുണ്ടോ?
3. സഭാത്മകമായ വിശ്വാസജീവിതത്തിൽ വളരുവാൻ മാനസാന്തരാനുഭവം എന്നെ സഹായിക്കുന്നുണ്ടോ?
4. ദൈവശക്തിയിൽ വിശ്വസിച്ചും ദൈവൈക്യത്തിൽ ജീവിച്ചും പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
5. മാനസാന്തരവും സുവിശേഷപ്രഘോഷണവും സഭാകൂട്ടായ്മയിലാണെന്ന് ഉറപ്പുവരുത്തുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?

# വാർത്തകൾ

## പതിനാറ് രാജ്യങ്ങളിൽ ക്രിസ്തുവിനായി സഹനം

**വിദേശകാര്യ ലേഖകൻ - വാഷിംഗ്ടൺ ഡീസി**

ലോകത്ത് ഏറ്റവും ഭീകരമായ മതമർദ്ദനം നേരിടുന്ന 16 രാജ്യങ്ങളുടെ പട്ടികയുമായി യു.എസ്. ഇന്റർ നാഷണൽ കമ്മീഷൻ ഓൺ റിലീജിയസ് ഫ്രീഡം റിപ്പോർട്ട്. ടൈർ വൺ തലത്തിലുള്ള 'കൺട്രി ഓഫ് പർട്ടിക്കുലർ കൺസേണി'ൽ ഉൾപ്പെട്ട 16 രാജ്യങ്ങളിലെയും ഗവൺമെന്റുകൾ അതീവഗുരുതരമായ വിധത്തിൽ മതസ്വാതന്ത്ര്യം ഹനിക്കുന്നവയോ അങ്ങനെ ചെയ്യുന്നവരോട് സഹിഷ്ണുത

പുലർത്തുന്നവയോ ആണെന്ന് റിപ്പോർട്ടിൽ പറയുന്നു. മ്യാൻമാർ, സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്ക്, ചൈന, എറിത്രിയ, ഇറാൻ, നൈജീരിയ, നോർത്ത് കൊറിയ, പാക്കിസ്ഥാൻ, റഷ്യ, സൗദി അറേബ്യ, സുഡാൻ, സിറിയ, താജിക്കിസ്ഥാൻ, ടർക്ക്മെനിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ, വിയറ്റ്നാം എന്നിവയാണ് ടൈർ വൺ ലെവലിൽ ഉൾപ്പെടുത്തിയിട്ടുള്ള രാജ്യങ്ങൾ.

ടൈർ വൺ രാജ്യങ്ങളുടെ പിറകിലായി മതസ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന ടൈർ 2 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികയിലുൾപ്പെട്ടിരിക്കുന്ന രാജ്യങ്ങളിൽ മതസ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനായി യു.എസ്. സമ്മർദ്ദം ചെലുത്തണമെന്നും റിപ്പോർട്ട് ആവശ്യപ്പെടുന്നു. അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങൾക്ക് അനുസൃതമായി നിയമങ്ങൾക്കും പദ്ധതികൾക്കും രൂപം നൽകുക, മതസ്വാതന്ത്ര്യം ഹനിക്കുന്ന വ്യക്തികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുക തുടങ്ങിയ കാര്യങ്ങൾക്കായി ഗവൺമെന്റുകൾക്ക് മേൽ യു.എസ്. സമ്മർദ്ദം ചെലുത്തണമെന്ന് റിപ്പോർട്ടിൽ ആവശ്യപ്പെടുന്നു. രാജ്യങ്ങൾക്ക് പുറമെ ഇസ്ലാമിക്ക് സ്റ്റേറ്റ്, അഫ്ഗാനിസ്ഥാനിലെ താലിബാൻ, സൊമാലിയയിലെ അൽ ഷബാബ് എന്നീ സംഘടനകളെ എൻറ്റിറ്റി ഓഫ് പർട്ടിക്കുലർ കൺസേണായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രത്യേക തടവുകാരുടെ മോചനത്തിനായുള്ള അഭ്യർത്ഥന 69 രാജ്യങ്ങളിൽ നിലവിലുള്ള മതനിന്ദാകുറ്റം റദ്ദാക്കുന്നതിനായുള്ള അഭ്യർത്ഥന, സ്ത്രീകളുടെ മതസ്വാതന്ത്ര്യം ഉറപ്പാക്കാനുള്ള അഭ്യർത്ഥന എന്നിവയും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നിരീശ്വരവാദിയായിരുന്ന ഓസ്ട്രേലിയൻ മുൻ ഗവർണർ വിശ്വാസത്തിലേക്ക്

കാൻബറ: ഓർമവച്ച നാൾ മുതൽ ദൈവമില്ല എന്ന് വിശ്വസിച്ചിരുന്ന ബിൽ ഹൈഡൻ എന്ന ഓസ്ട്രേലിയയിലെ മുൻ ഗവർണർ, ക്രിസ്തുവിന്റെ ചാരെ അഭയം തേടിയെത്തി. ഓസ്ട്രേലിയയിലെ അറിയപ്പെടുന്ന നിരീശ്വരവാദികൂടിയായിരുന്നു അദ്ദേഹം. രണ്ടു തവണ മന്ത്രിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഇപ്പോൾ കത്തോലിക്കനായി മാമ്മോദീസ സ്വീകരിച്ചത് തന്റെ 85 -ാമത്തെ വയസിലാണ്. “ജീവിതത്തിന്റെ അർത്ഥമെന്താണ് എന്ന

ചിന്ത വളരെ കാലമായി എന്റെ ഹൃദയത്തെയും ആത്മാവിനെയും കുത്തിനോവിച്ചിരുന്നു. ജീവിതത്തിൽ അർത്ഥം കണ്ടെത്തുന്നതിന് ഞാൻ എന്തുചെയ്യണം എന്നതായിരുന്നു എന്റെ ചിന്ത." മാമ്മോദീസ സ്വീകരിച്ച ശേഷം അദ്ദേഹം പറഞ്ഞു.

തന്റെ മാനസാന്തരത്തിന് കാരണം തീക്ഷ്ണമതിയായ അമ്മയുടെ സ്വാധീനവും തന്നെ ചെറുപ്പത്തിൽ പഠിപ്പിച്ച ഉർസുലൈൻ സിസ്റ്റേഴ്സിന്റെ പ്രചോദനവുമാണെന്നും അദ്ദേഹം വെളിപ്പെടുത്തി. എങ്കിലും അടുത്ത കാലത്ത് നടത്തിയ ആശുപത്രിസന്ദർശനമാണ് അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്തിരിവിന് കാരണമായത്. അവിടെവെച്ച് അദ്ദേഹം ആഞ്ചലാ മേരി ഡോയൽ എന്ന കന്യാസ്ത്രീയെ കണ്ടു. 93 വയസ്സുള്ള കരുണയുടെ മുഖമുള്ള ആ സിസ്റ്ററിന്റെ ക്രൈസ്തവ മാതൃക അദ്ദേഹത്തെ ആകർഷിച്ചു. സിസ്റ്റർ ആഞ്ചലാ മേരിയും അദ്ദേഹത്തിന്റെ മാമ്മോദീസ വേളയിൽ സന്നിഹിതയായിരുന്നു.

ബ്രിസ്ബെയിനിലെ മാത്തർ ഹോസ്പിറ്റലിലെ അഡ്മിനിസ്ട്രേറ്ററായിരുന്നു 25 വർഷത്തോളം സിസ്റ്റർ ആഞ്ചലാ മേരി. ദരിദ്രരായവർക്ക് ആതുരസേവനം നൽകിയിരുന്ന മഹത്തായ ഒരു ആശുപത്രിയായിരുന്നു അത്. അവിടെ രോഗിയായി കഴിഞ്ഞിരുന്ന സിസ്റ്റർ ആഞ്ചലാ മേരിയെ കാണാനാണ് അദ്ദേഹവും ഭാര്യയും മകളും കൂടി അവിടെ ചെന്നത്. സന്ദർശനം കഴിഞ്ഞ് പിറ്റേന്ന് ഉണർന്നപ്പോൾ അദ്ദേഹത്തിന്റെ മനസ് മന്ത്രിച്ചു. വിശുദ്ധയായ ഒരു സ്ത്രീയുടെ മുമ്പിലായിരുന്നു താനിന്നലെ എന്ന്. സിസ്റ്ററിന്റെ മാതൃക തന്നെ വിശ്വാസത്തിലേക്ക് നയിച്ചു. അദ്ദേഹം അനുസ്മരിച്ചു.

"ക്രിസ്തുമതമെന്നത് സഹജീവികളോടുള്ള സ്നേഹവും സഹാനുഭൂതിയും സഹായവുമാണ്. ഇതെല്ലാം ക്രിസ്തുവിന്റെ പ്രബോധനത്തിലധിഷ്ഠിതവും മനുഷ്യന്റെ പരിമിതികൾക്കപ്പുറമുള്ള ദൈവത്തിലുള്ള വിശ്വാസവുമാണ്. അതുകൊണ്ട്, ഇനി എനിക്ക് പറയാനാവില്ല, മനുഷ്യൻ അവനിൽത്തന്നെ സ്വയംപര്യാപ്തനും വേറിട്ടു നിൽക്കുന്നവനുമാണെന്ന്" - അദ്ദേഹം വെളിപ്പെടുത്തു.